പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

**(HEALTH AND FAMILY WELFARE)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th June, 2014)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XII

(SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

(HEALTH AND FAMILY WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

786/2014.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 23 |

# വിഷയനിർണ്ണയ സമിതി XII

## ആരോഗ്യവും കുടുംബക്ഷേമവും

(2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

„ പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

„ എ. റ്റി. ജോർജ്

„ കെ. കുഞ്ഞമ്മത് മാസ്റ്റർ

„ റോഷി അഗസ്റ്റിൻ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

„ ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

„ ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ഉപചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 28-6-2011-ന് രൂപീകൃതമായ 2011-2013 കാലയളവിലെ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ കാലാവധി 27-12-2013-ൽ അവസാനിച്ചിരുന്നു ഇതേത്തുടർന്ന് 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം പുനസംഘടിപ്പിക്കപ്പെട്ട 2013-2016 കാലയളവിലേയ്ക്കുള്ള സമിതി 28-12-2013 മുതൽ നിലവിൽവരികയുണ്ടായി. നിലവിലുണ്ടായിരുന്ന അംഗങ്ങളിൽ ശ്രീ. എ. എ. അസീസ് ഒഴികെ, മറ്റംഗങ്ങളെല്ലാം പുതിയ സമിതിയിൽ തുടരുകയുണ്ടായി. ഇപ്പോഴത്തെ സമിതിയിൽ ചെയർമാൻ ഉൾപ്പെടെ 10 അംഗങ്ങളാണ് നിലവിലുള്ളത്.

പതിമൂന്നാം കേരള നിയമസഭയുടെ 2011-2013 കാലയളവിലെ സമിതി 2013 ഏപ്രിൽ 1 മുതൽ 2013 ഡിസംബർ 27 വരെയും 2013-2016 കാലയളവിലെ സമിതി 2013 ഡിസംബർ 28 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലും പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 24-4-2013, 29-4-2013, 9-5-2013, 8-7-2013, 13-11-2013, 18-2-2014, 5-3-2014, 10-3-2014 എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 24-4-2013, 29-4-2013, 9-5-2013 എന്നീ തീയതികളിലെ യോഗങ്ങൾ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 18-2-2014, 5-3-2014, 10-3-2014 എന്നീ തീയതികളിലെ യോഗങ്ങൾ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 13-11-2013-ലെ യോഗം ചട്ടം 235 എ അനുസരിച്ച് 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും 8-7-2013-ലെ യോഗം സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു. പ്രസ്തുത യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ

ഹാജർനില 66% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടെ വിവരങ്ങളും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള സർക്കാർ മറുപടികളും രണ്ടാം ഭാഗത്ത്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ടുകളിലെ ശുപാർശകളിൽ യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള വിശദീകരണമടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം നൽകിയ മറുപടികളുമാണ്. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2014 ജൂൺ 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. ശിവകുമാര്,
*ചെയർമാന്,*
*വിഷയനിർണ്ണയ സമിതി XII.*

തിരുവനന്തപുരം,
2014 ജൂൺ 19.

# റിപ്പോർട്ട്

## ഭാഗം I

(എ) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII 24-4-2013, 29-4-2013 എന്നീ തീയതികളിൽ യോഗം ചേർന്ന് 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് 9-5-2013-ലെ യോഗം പരിഗണിക്കുകയും 10-6-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX —കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XXX — ഭക്ഷ്യം (2236—പോഷകാഹാരം)

ധനാഭ്യർത്ഥന നമ്പർ XX — ശുദ്ധജലവിതരണവും ശുചീകരണവും

(ബി) 2014-15 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ വിഷയനിർണ്ണയ സമിതി XII-ന്റെ പരിധിയിൽ വരുന്ന ആരോഗ്യവും കുടുംബക്ഷേമവുമായി ബന്ധപ്പെട്ട XVIII, XIX, XX, XXX എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന 18-2-2014, 5-3-2014 എന്നീ തീയതികളിൽ നടത്തുകയും 10-3-2014-ലെ സമിതിയോഗത്തിൽ ഇത് സംബന്ധിച്ചുള്ള 4-ാമത് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

(സി) 1-4-2012 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 8-7-2013-ലെ സമിതിയോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 9-7-2013-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) സമിതിയുടെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-7-2013-ലെ സമിതിയോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 9-7-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഇ) ചട്ടം 236 (6) പ്രകാരം ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചു.

(എഫ്) ചട്ടം 236(5) പ്രകാരം സമിതിയുടെ 2010-11 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 59, 61, 66, 67, 80, 90, 91 എന്നീ ഖണ്ഡികകളിലെയും 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 3, 4, 5, 6 എന്നീ ഖണ്ഡികകളിലെയും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ യഥാക്രമം 8-7-2013, 19-6-2013 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്തു വച്ചു.

(ജി) ലബോറട്ടറികളുടെ ശാക്തീകരണം (സർക്കാർ അനലിസ്റ്റ് ലബോറട്ടറി, പബ്ലിക് ഹെൽത്ത് ലബോറട്ടറി, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി) എന്ന വിഷയം സമിതി പരിഗണനക്കെടുക്കുകയും 13-11-2013-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

(എച്ച്) സമിതിയുടെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന സമിതി ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 8-7-2013, 10-3-2014 എന്നീ തീയതികളിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

### ശുപാർശ

കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുന്ന ഡോക്ടർമാർക്ക് നൽകുന്ന പ്രതിമാസ വേതനം 10,000 രൂപ മാത്രമാകയാൽ പലരും ജോലിക്ക് ഹാജരാകുന്നതിൽ വിമുഖത കാണിക്കുന്നതായി സമിതിക്ക് ബോധ്യമായി. മലയോര/തീര പ്രദേശങ്ങളിൽ ഉള്ള ആശുപത്രികളിലുൾപ്പെടെ അവരുടെ സേവനം ലഭ്യമാക്കേണ്ടത് അനിവാര്യമാകയാൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പ്രതിമാസവേതനം 15,000 രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 52

### സ്വീസ്വീകരിച്ച നടപടി

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എന്.ആര്.എച്ച്.എം. നിയമിക്കുന്ന ഡോക്ടർമാർക്ക് നിലവിൽ പ്രതിമാസ വേതനം 32,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 14-11-2012-ലെ എന്.ആര്.എച്ച്.എം./അഡ്മിന്/3747/2012/എസ്.പി.എം .എസ്.യു. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

### ശുപാർശ

സംസ്ഥാനത്ത് 212 ആശുപത്രി കെട്ടിടങ്ങളുടെ പണി പൂർത്തിയായിട്ടും ആവശ്യമായ തസ്തികകൾ അനുവദിക്കാത്തതുമൂലം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇൻപേഷ്യന്റ് വിഭാഗമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഇവയുടെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 53

<u>സ്വീകരിച്ച നടപടി</u>

ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് ജില്ലകളിൽ നിന്നും തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിക്കുകയും ആവശ്യമായ തസ്തിക സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അവസാനമായി സ.ഉ.(എംഎസ്.) നമ്പർ 161/13/ആ.കു.വ. തീയതി 6-5-2013 പ്രകാരം മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും ആശുപത്രികളിൽ ജീവനക്കാരെ നിയമിക്കുന്നത്. സ്റ്റാഫ് പാറ്റേൺ പുനഃസംവിധാനം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 54

<u>സ്വീകരിച്ച നടപടി</u>

വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുസരണമായി ബഡ്സ്രെംഗ്ത്, ഒ.പി.യുടെ എണ്ണം എന്നിവ കണക്കിലെടുത്ത് ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്.

<u>ശുപാർശ</u>

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കുന്നതിന് 9 കോടി രൂപകൂടി അധികമായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 77

<u>സ്വീകരിച്ച നടപടി</u>

തുക ലഭിച്ചു. ആയത് വിനിയോഗിക്കുകയും ചെയ്തു. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഇനിയും 37 കോടി രൂപ ആവശ്യമാണ്. 2005-06 വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന തുക 300 ലക്ഷം രൂപയാണ്. നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഈ തുക മതിയാകുകയില്ല. ആയതിനാൽ 2005-06 വർഷത്തേക്ക് 300 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 78

<u>സ്വീകരിച്ച നടപടി</u>

2009-10-ൽ പൂർത്തീകരിച്ച പൂർണ്ണമായി ഷിഫ്റ്റ് ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി രണ്ട് കോടി രൂപ അനുവദിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക "4210 വൈദ്യശാസ്ത്ര വിദ്യാഭ്യാസം പരിശീലനം" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ രണ്ട് കോടി രൂപ മേൽപ്പറഞ്ഞ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 80

<u>സ്വീകരിച്ച നടപടി</u>

2005-06 വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ തുടർ വർഷത്തിൽ പി.എം.എസ്.എസ്.വൈ.യുടെകീഴിൽ സംസ്ഥാനത്ത് മാച്ചിങ് ഫണ്ടനുവദിക്കുകയും ആയത് പൂർണ്ണതോതിൽ വിനിയോഗിക്കുകയും ചെയ്തു. ഇപ്പോൾ പൂർണ്ണ സജ്ജീകരണത്തോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ കൂടി ആവശ്യമാണ്. ആകയാൽ ഈ ആവശ്യത്തിനായി 25 ലക്ഷം രൂപ 2005-06 വർഷത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 81

<u>സ്വീകരിച്ച നടപടി</u>

2005-06 വർഷത്തിൽ ബജ്ഡറ്റിൽ വക കൊള്ളിച്ച തുകയ്ക്കു പുറമെ ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ നയപ്രകാരം ആര്.ഐ.ഒ. ഒരു സംസ്ഥാനത്ത് ഒന്നു മാത്രമേ പ്രവർത്തിക്കുവാൻ അനുവദനീയമായുള്ളു എന്നതുകൊണ്ട് പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2006-07)

### ശുപാർശ

ആയുർവേദ പാരാ മെഡിക്കൽ കോഴ്സുകൾ നടത്തിയ ഇനത്തിൽ കഴിഞ്ഞ വർഷം കുടിശ്ശികയായ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 48

### സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പദ്ധതിയിനത്തിൽ തുക അനുവദിക്കുകയും പ്രസ്തുത കോഴ്സ് നടത്തിയതുമായി ബന്ധപ്പെട്ടുള്ള കുടിശ്ശിക കൊടുത്തു തീർക്കുകയും ചെയ്തിട്ടുണ്ട്.

### ശുപാർശ

പകർച്ചവ്യാധികൾ വന്നാൽ താലൂക്ക് ഹോമിയോ ആശുപത്രിയിലെ ഡോക്ടർമാരെയാണ് എപ്പിഡെമിക് സെല്ലിന്റെ കൺവീനർമാരായി നിയമിക്കുന്നതെന്നും എന്നാൽ പ്രവർത്തനം സമാഹരിച്ചു കൊണ്ടുപോകാൻ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ബന്ധപ്പെടാൻ ഫോൺ സൗകര്യമില്ലാത്ത അവസ്ഥയാണ് ഉള്ളതെന്നും ഹോമിയോപ്പതി ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ/താലൂക്ക് ഹോമിയോ ആശുപത്രികളിൽ ഫോൺ സൗകര്യം ലഭ്യമാക്കണമെന്നും പകർച്ചവ്യാധികൾ ഉണ്ടാകുന്ന സമയത്ത് അവ നിയന്ത്രിക്കുന്നതിനായി രണ്ട് മൊബൈൽ യൂണിറ്റുകൾ രൂപീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 49

### സ്വീകരിച്ച നടപടി

ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ നിലവിൽ 13 ജില്ലാ ആശുപത്രികളും 17 താലൂക്ക് ആശുപത്രികളും ഉൾപ്പെടെ ആകെ 30 ആശുപത്രികളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ മേല്പറഞ്ഞ എല്ലാ ഹോമിയോ ആശുപത്രികളിലും ടെലഫോൺ സൗകര്യം ലഭ്യമാണ്. ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ എന്ന വാർഷിക പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ ഒരു സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക് തുടങ്ങുന്നതിന് 2012-13-ൽ ഭരണാനുമതി ലഭിക്കുകയും അത് ഇപ്പോൾ വിജയകരമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

<u>ശുപാർശ</u>

ഹോമിയോപ്പതി വകുപ്പ് തുടങ്ങി 33 വർഷമായിട്ടും സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥയാണുള്ളതെന്നും ഇപ്പോൾ പട്ടംതാണുപിള്ള മെമ്മോറിയൽ ഹോമിയോ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്ന കെട്ടിടം വിട്ടു കിട്ടണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുകയാണെന്നും സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ ഹോമിയോപ്പതി വകുപ്പിന് സ്ഥലം കണ്ടെത്തി ഒരു കെട്ടിടം പണിയാനായി ഒരു കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ തന്നെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 50

<u>സ്വീകരിച്ച നടപടി</u>

ഹോമിയോപ്പതി ഡയറക്ടറേറ്റിന് കെട്ടിടം പണിയുന്നതിനായി തിരുവനന്തപുരം ഐരാണിമുട്ടത്തുള്ള ഹോമിയോപ്പതി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ സ്ഥലം അനുവദിച്ചുകൊണ്ട്സർക്കാർ 20-9-2011-ലെ ജി.ഒ. (ആർറ്റി) നമ്പർ 3306 (എ)/ 2011/ആ.കു.വ. പ്രകാരം പെർമസീവ് സാങ്ഷൻ നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഹോമിയോപ്പതി ഡയറക്ടറേറ്റിന്റെ നിർമ്മാണത്തിനും മറ്റ് ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ വർഷം (2012-13) 4210-02-110-87 എന്ന പ്ലാൻ ശീർഷകത്തിൽ 220 ലക്ഷം രൂപ ക്യാപിറ്റൽ ഫണ്ടായി വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

നോൺ-പ്ലാൻ ഇനത്തിൽ ഹോമിയോ വിഭാഗത്തിന് 5.60 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ 16.50 ലക്ഷം രൂപകൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 52

<u>സ്വീകരിച്ച നടപടി</u>

2006-07 സാമ്പത്തികവർഷം നോൺപ്ലാൻ ഇനത്തിൽ അനുവദിക്കപ്പെട്ട തുകയ്ക്കുള്ളിൽ ചെലവ് ചുരുക്കി.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

## ശുപാർശ

പാരാമെഡിക്കൽ കോഴ്സുകളെ സമന്വയിപ്പിച്ച് കൊണ്ടുപോകുന്നതിനായി തുടങ്ങിയിട്ടുള്ള പാരാമെഡിക്കൽ കൗൺസിലിന് കെട്ടിടം പണിയുന്നതിനായി 5 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 74

## സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ 2009-10 2010-11, 2012-13 എന്നീ വർഷങ്ങളിൽ ഇതിനായി പ്ലാൻ ഇനത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിടനിർമ്മാണം ആരംഭിക്കുകയും അവസാനഘട്ട പ്രവർത്തികൾ പുരോഗമിച്ചു വരികയുമാണ്. അധികം കാലതാമസം കൂടാതെ തന്നെ കെട്ടിടം കമ്മീഷൻ ചെയ്ത് പാരാമെഡിക്കൽ കൗൺസിലിന്റെ അക്കാദമിക് വിഭാഗം ഇവിടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ശുപാർശ

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂര്, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ സമഗ്ര വികസനത്തിനാവശ്യമായ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമെ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 78

## സ്വീകരിച്ച നടപടി

കുടിശ്ശിക ഉൾപ്പെടെ കെട്ടിടനിർമ്മാണത്തിനുള്ള ബില്ലുകൾ തീർപ്പാക്കുന്നത് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറാണ്. ഗവ.മെഡിക്കൽ കോളേജ് ആശുപത്രികളുടെ സമഗ്ര വികസനത്തിനുവേണ്ടി 2008-09 സാമ്പത്തിക വർഷം അധിക തുക ലഭിച്ചില്ലെങ്കിലും ഈ കാലയളവിൽ ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. ആയുർവേദം, ഹോമിയോപ്പതി വിഭാഗങ്ങളുടെ കാര്യത്തിൽ 2008-09-ൽ അധിക തുക ലഭിച്ചില്ലെങ്കിലും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

എല്ലാ മെഡിക്കൽ കോളേജുകളിലും ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്ന ആവശ്യത്തിലേയ്ക്ക് 19 കോടി രൂപ ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 80

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷം അധിക തുക ലഭിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ലഭിച്ച തുക ഉപയോഗിച്ച് വിവിധ ജീവൻ രക്ഷാ ഉപകരണങ്ങൾ വിവിധ മെഡിക്കൽ കോളേജുകളിൽ വാങ്ങി നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ ആയുർവേദ സ്ഥാപനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഗ്രാമീണ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും ഈ ബഡ്ജറ്റിൽ ആയുർവേദ ഡിസ്പെൻസറികൾ അനുവദിച്ച് നൽകിയിട്ടില്ല. ആയതിനാൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 5 കോടി രൂപ ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 81

<u>സ്വീകരിച്ച നടപടി</u>

ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയുർവേദ സ്ഥാപനം ആരംഭിക്കുന്നതിനും നിലവിലുള്ള ആയുർവേദ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മരുന്ന് വാങ്ങുന്നതിനും 2008-09 സാമ്പത്തികവർഷം 2210-04-101-99 ശീർഷകത്തിൽ 150 ലക്ഷം രൂപയും 2009-10 സാമ്പത്തികവർഷം 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിലെ ജില്ലാതല ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് വാഹനങ്ങളുടെ ദൗർലഭ്യം ഉണ്ടാകുന്നതിനാൽ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും വാഹനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി. ഇതിലേയ്ക്കായി ഒരു കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 83

<u>സ്വീകരിച്ച നടപടി</u>

ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ മതിയായ വാഹന സൗകര്യം ലഭ്യമാക്കുന്നതിനായി 2007-08 സാമ്പത്തികവർഷം എറണാകുളം, കണ്ണൂർ ജില്ലകളിലേയ്ക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി 9 ലക്ഷം രൂപയും, 2008-09 സാമ്പത്തിക വർഷം പത്തനംതിട്ട ജില്ലയ്ക്ക് 5 ലക്ഷം രൂപയും അനുവദിക്കുകയും ടി ജില്ലകൾക്ക് വാഹന സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2009-10 സാമ്പത്തികവർഷം ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ വാഹന സൗകര്യം ലഭ്യമല്ലാത്ത ജില്ലകളിലും സ്ഥാപനങ്ങളിലും വാഹന സൗകര്യം ലഭ്യമാക്കുന്നതിന് 2210-02-001-92-മോഡേണൈസേഷൻ ഓഫ് ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് എല്ലാ ജില്ലകളിലും വാഹന സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>ശുപാർശ</u>

ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിലുള്ള നാച്ചുറോപ്പതി, സിദ്ധ, യുനാനി എന്നീ വിഭാഗങ്ങളുടെ വികസനത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ വീതം നാച്ചുറോപ്പതി, സിദ്ധ എന്നിവയ്ക്കും 5 ലക്ഷം രൂപ യുനാനിക്കും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 84

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തികവർഷം നാച്ചുറോപ്പതി വിഭാഗത്തിന് 5 ലക്ഷം രൂപയും സിദ്ധ വിഭാഗത്തിന് 5 ലക്ഷം രൂപയും മാത്രമേ അനുവദിക്കാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ പ്രകൃതി, സിദ്ധ വിഭാഗങ്ങൾക്ക് 2009-10 സാമ്പത്തികവർഷം 10 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

കേന്ദ്ര ഹോമിയോപ്പതി കൗൺസിലിന്റെ നിർദ്ദേശാനുസരണം വിവിധ കോഴ്സുകളുടെ അംഗീകാരം നിലനിർത്തുന്നതിനായി കേന്ദ്ര ഹോമിയോപ്പതി കൗൺസിൽ പാറ്റേൺ അനുസരിച്ചുള്ള അധ്യാപക തസ്തികകളും മറ്റ് ജീവനക്കാരുടെ തസ്തികകളും സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 93

<u>സ്വീകരിച്ച നടപടി</u>

16-7-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 324/13/ആ.കു.വ പ്രകാരം CCH മാതൃകയ്ക്ക് അനുസൃതമായി സംസ്ഥാനത്തെ 2 ഗവൺമെന്റ് കോളേജുകളിലും അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിനായി അനുവദിച്ചിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാകയാൽ ഈയിനത്തിൽ 75 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 94

<u>സ്വീകരിച്ച നടപടി</u>

ഹോമിയോപ്പതി വിദ്യാഭ്യാസ കാര്യാലയം സ്ഥാപിക്കുന്നതിന് 2008-09 (25 ലക്ഷം രൂപയും) തുടർന്ന് 2009-10 (50 ലക്ഷം രൂപയും) 2010-11 (100 ലക്ഷം രൂപയും) 2011-12 (200 ലക്ഷം രൂപയും) എന്നിങ്ങനെ അനുവദിക്കുകയുണ്ടായി. എന്നാൽ സർക്കാർ കത്ത് നമ്പർ 20892/ജെ2/2007/ആ.കു.വ തീയതി, 10-8-2011 പ്രകാരം ഹോമിയോപ്പതി വിദ്യാഭ്യാസ കാര്യാലയം അനുവദിക്കുന്നതിനുള്ള ശുപാർശ നിരസിക്കുകയുണ്ടായി.

<u>ശുപാർശ</u>

കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലുള്ള എ.ആര്.ടി. സെന്ററുകളിൽ വിവിധ സ്ഥലങ്ങളിൽ നിന്നും ചികിത്സക്കായി വരുന്ന എയ്ഡ്സ് രോഗികൾക്ക് പ്രതിവർഷം പരമാവധി പതിനെട്ട് തവണ കെ.എസ്.ആര്.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് 90,57,168 രൂപ ചെലവ് വരുന്നു. ആയതിനാൽ പ്രസ്തുത തുക നൽകുന്നതിനായി അത്രയും തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 102

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എയ്ഡ്സ് ബാധിതരായ രോഗികൾക്ക് പരിശോധനയ്ക്കും മറ്റും എ.ആര്.ടി. സെന്ററുകളിൽ പോകുന്നതിനും തിരികെ വരുന്നതിനും പ്രതിമാസം യാത്രാ ചെലവിനായി 120 രൂപ വീതം 2012 ജനുവരി മുതൽ നൽകി വരുന്നു. അതിനാവശ്യമായ തുക ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്യുന്നു.

<u>ശുപാർശ</u>

എയ്ഡ്സ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കായിട്ടുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഒരാൾക്ക് പ്രതിമാസം അഞ്ഞൂറ് രൂപ നിരക്കിൽ ശരാശരി 300 പേർക്ക് 18 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 103

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എയ്ഡ്സ് ബാധിതർക്ക് പ്രതിമാസ ധനസഹായമായി 400 രൂപ വീതവും എയ്ഡ്സ്മൂലം ഭാര്യയോ ഭർത്താവോ മരണമടഞ്ഞാൽ അവരിൽ ജീവിച്ചിരിക്കുന്നവർക്ക് ധനസഹായമായി പ്രതിമാസം 400 രൂപ വീതവും നൽകി വരുന്നുണ്ട്.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-14)

<u>ശുപാർശ</u>

ഈ സാമ്പത്തിക വർഷം ആശാവർക്കർമാർക്കുള്ള അലവൻസ് നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24,95,99,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 6

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തികവർഷത്തിലെബഡ്ജറ്റ്പ്രസംഗത്തിൽആശ ഹോണറേറിയം600 രൂപയായി ഉയർത്തിയിരുന്നു. എന്നാൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് 12 കോടി രൂപയാണ് (@ Rs.500 per month) എന്.ആര്.എച്ച്.എം.-ന് നൽകിയത്. ഇതിന്റെ ബാക്കി തുകയായ 307 ലക്ഷം രൂപകൂടി ഈ വർഷം ലഭിക്കേണ്ടതുണ്ട്. 2013-14 സാമ്പത്തികവർഷത്തിൽ ആശ ഹോണറേറിയം 700 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിനായി 24.3146 കോടി രൂപ ലഭിക്കേണ്ടതുണ്ട്. രണ്ട് വർഷത്തേക്കും കൂടി 27.3846 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശുപാർശ</u>

NRHM പദ്ധതി 2013-14 വർഷം വിഭാവനം ചെയ്തിരിക്കുന്ന 798.19 കോടി രൂപയിൽ സംസ്ഥാന വിഹിതമായി 199.55 കോടി രൂപ അനുവദിക്കേണ്ടതായിരുന്നു. എന്നാൽ ഈ ശീർഷകത്തിൽ അനുവദിച്ച 75 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 124.54 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 35

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവർഷം കേന്ദ്ര സർക്കാരിന്റെ 18-4-2013-ന്റെ F.No.10(1) 2013-NRHM-1 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന വിഹിതമായി ലഭിക്കേണ്ടത് 127.18 കോടി രൂപയാണ്. 2013-14 സാമ്പത്തിക വർഷം കേന്ദ്ര മന്ത്രാലയം സംസ്ഥാനത്തിന് ആദ്യം അനുവദിച്ച 244.84 കോടിയിൽ 183.62 കോടി രൂപ 2013 ജൂലായ് മാസത്തിൽ എന്.ആര്.എച്ച്.എം.-ന് ലഭിച്ചു. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനുവേണ്ടി 2210-03-102-98 ഹെഡിൽ വകയിരുത്തിയ 75 കോടി രൂപ ഇതുവരെ സംസ്ഥാന സൊസൈറ്റിക്ക് അനുവദിച്ച് കിട്ടിയിട്ടില്ല. ഇത് സൊസൈറ്റിക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

<u>ശുപാർശ</u>

ഡയബറ്റീസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ക്യാമ്പയിനുകൾ നടത്തുന്നതിനുള്ള വർദ്ധിച്ച ചെലവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 44

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിലെ മൂന്നാമത്തെ റിപ്പോർട്ടിൽ 44-ാം ഖണ്ഡികയിലെ 1.5 കോടി രൂപ അനുവദിക്കണമെന്ന സർക്കാർ ശുപാർശയിന്മേൽ 11-7-2013-ലെ ജി.ഒ(ആർടി.) 5729/13/ഫിന്. ഉത്തരവുപ്രകാരം 50 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ട്.

**ഭാഗം II**

<u>ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച സ്റ്റേറ്റ്മെന്റുകൾ</u>

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

<u>ശുപാർശ</u>

കാൻസർ ചികിത്സാ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന റീജിയണൽ കാൻസർ സെന്ററിന് ബഡ്ജറ്റ് വിഹിതമായി 18 കോടി രൂപ വകയിരുത്തിയിരിക്കുന്നതിനോടൊപ്പം 5 കോടി രൂപകൂടി പദ്ധതിയേതരയിനത്തിൽ 2210-05-800-89 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 32

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത 5 കോടി രൂപയിൽ പദ്ധതിയേതര ഇനത്തിൽ 2 കോടി രൂപ 2210-05-800-89-09-31(NP) എന്ന ശീർഷകത്തിൽ അനുവദിച്ചുനൽകി.

<u>ശുപാർശ</u>

ആർ.സി.സി.-ലെ ഇലക്ട്രിഫിക്കേഷൻ സിസ്റ്റം ഏതു നിമിഷവും പ്രവർത്തന രഹിതമായേക്കാവുന്ന അവസ്ഥയിലാണ്. ഇലക്ട്രിഫിക്കേഷൻ സിസ്റ്റം നവീകരിച്ച് സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനായി 6 കോടി രൂപ പദ്ധതിയിനത്തിൽ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 33

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത 6 കോടി രൂപയിൽ ഇലക്ട്രിഫിക്കേഷനായി 5 കോടി രൂപ 2210-05-800-89-09-36(NP) എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകി.

<u>ശുപാർശ</u>

കാൻസർ രോഗം കൂടുതലായി കണ്ടുവരുന്ന മലബാർ മേഖലയിൽ തീർത്തും നിർദ്ധനരായിട്ടുള്ള രോഗികളുടെ ചികിത്സയ്ക്കാവശ്യമായ ആധുനിക സംവിധാനങ്ങൾ സെന്ററിൽ ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 12 കോടി രൂപ പരിമിതമായതിനാൽ ആധുനിക സംവിധാനങ്ങളായ വിത്തുകോശങ്ങൾ മാറ്റിവയ്ക്കൽ യൂണിറ്റും പൊക്കിൾക്കൊടിയിൽ നിന്നുള്ള രക്തബാങ്ക് യൂണിറ്റും, ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനും എം.ആർ.ഐ. സ്കാൻ വാങ്ങുന്നതിനും വിവിധ വിഭാഗങ്ങളിലേക്ക് മെഷീനുകളും ഉപകരണങ്ങളും വാങ്ങുന്നതിനും പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് നിർമ്മാണത്തിനും നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനും, മെഡിക്കൽ ലൈബ്രറിയുടെ വിപുലീകരണം, ഇൻപേഷ്യന്റ് ബ്ലോക്കിന്റെ സജ്ജീകരണം തുടങ്ങിയവയ്ക്കായി 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 34

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത 25 കോടി രൂപയിൽ മലബാർ കാൻസർ സെന്ററിന് പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് നിർമ്മാണത്തിനായി 8.7 കോടി രൂപ 2210-05-800-79-09(P) എന്ന ശീർഷകത്തിൽ അനുവദിച്ചുനൽകി.

<u>ശുപാർശ</u>

ഗുണമേന്മയുള്ള ഔഷധങ്ങളും മറ്റ് ചികിത്സാ സാമഗ്രികളും ഉപകരണങ്ങളും ന്യായമായ വിലയ്ക്ക് സംഭരിച്ച് ആവശ്യാനുസരണം സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2011-12 പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക 174 കോടി രൂപയാണ്. മുൻ കുടിശ്ശിക 126 കോടി രൂപയോടൊപ്പം 50 കോടി രൂപ മൂലധനചെലവും ഉൾപ്പെടുത്തി 176 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 37

<u>സ്വീകരിച്ച നടപടി</u>

പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ 2011-12-ൽ വകയിരുത്തിയിട്ടുള്ള 174 കോടി രൂപ കൂടാതെ മുൻ കുടിശ്ശിക 126 കോടി രൂപയോടൊപ്പം 50 കോടി രൂപ മൂലധനചെലവും ഉൾപ്പെടുത്തി 2210-80-190-99-09 ശീർഷകത്തിൽ 176 കോടി രൂപ സമിതി ശുപാർശ ചെയ്തിരുന്നു. പ്രസ്തുത തുകയും, ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഉൾപ്പെടെ 2011-12 സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 350 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിൽ 200 കോടി രൂപ മാത്രമാണ് പദ്ധതിയേതര വിഹിതമായി കോർപ്പറേഷന് ബഡ്ജറ്റിൽ അനുവദിച്ചത്.

<u>ശുപാർശ</u>

ആയുർവേദ ഔഷധങ്ങളുടെയും ചികിത്സാരീതിയുടേയും വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ഡ്രഗ്സ് കൺട്രോളർ വിഭാഗം തീരെ അപര്യാപ്തമായതിനാൽ ഈ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 38

<u>സ്വീകരിച്ച നടപടി</u>

ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ഡ്രഗ്സ് കൺട്രോളർ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 4 ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തിക കൂടി 19-9-2012 ലെ സ.ഉ.(കൈ) 307/12/ആ.കു.വ സർക്കാർ ഉത്തരവുപ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ വകുപ്പിനു പ്രത്യേകമായി ഹെഡ് ഓഫ് അക്കൗണ്ട് ഇല്ലാത്തതിനാൽ കൂടുതൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല. ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന ദ്വിഭരണ സംവിധാനം നിറുത്തലാക്കി അധികമായി വകുപ്പിലേക്ക് വന്ന 6432 ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിലേക്കായി മിനിസ്റ്റീരിയൽ വിഭാഗത്തിൽ മാത്രമാണ് ജീവനക്കാർ ഉള്ളത്. സൂപ്പർവൈസറി തസ്തികകൾ ഒന്നുംതന്നെ ഇല്ല. ആയതിനാൽ പദ്ധതിയിതര ഇനത്തിൽ സൂപ്പർവൈസറി തസ്തികകൾ അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 6

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

മെഡിക്കൽ കോളേജുകളിൽ ലക്ചർ തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപ വളരെ പരിമിതവും അപര്യാപ്തവുമാണ്. ആയതിനാൽ ഇതിലേക്കായി അധികമായി 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 7

<u>സ്വീകരിച്ച നടപടി</u>

അധിക തുകയൊന്നും 2012-13 സാമ്പത്തികവർഷം ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

ആലപ്പുഴ, തൃശ്ശൂർ ദന്തൽ കോളേജുകളിൽ അടുത്ത അദ്ധ്യയന വർഷം തുടങ്ങാൻ സാധിക്കുന്ന വിധത്തിൽ അദ്ധ്യാപക -അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 8

<u>സ്വീകരിച്ച നടപടി</u>

ആലപ്പുഴ, തൃശ്ശൂർ ദന്തൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം ടി കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

<u>ശുപാർശ</u>

സംസ്ഥാനത്തെ മൂന്ന് ദന്തൽ കോളേജുകളിലും കൃത്രിമ ദന്ത നിർമ്മാണത്തിനായുള്ള സിറാമിക് ലാബ് സ്ഥാപിക്കുന്നതിലേക്കാവശ്യമായതുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 9

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷം അധിക തുകയൊന്നും ലഭിച്ചിട്ടില്ല.

<u>ശുപാർശ</u>

ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ അഞ്ച് സർക്കാർ നഴ്സിംഗ് കോളേജുകളിലും ഡിപ്പാർട്ടുമെന്റലൈസേഷൻ സ്കീം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 10

<u>സ്വീകരിച്ച നടപടി</u>

ഡിപ്പാർട്ടുമെന്റലൈസേഷൻ സ്കീം നടപ്പിലാക്കാനുള്ള നടപടി പരിഗണനയിലാണ്.

<u>ശുപാർശ</u>

സംസ്ഥാനത്തെ അഞ്ച് നഴ്സിംഗ് കോളേജുകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും നഴ്സിംഗ് സർവ്വീസിന്റെ ഗുണനിലവാരം ഉയർത്തുന്നതിലേക്കുമായി ഒരു ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നഴ്സിംഗ് സർവ്വീസ് തസ്തിക സൃഷ്ടിക്കാനും സമിതി ശുപാർശ ചെയ്യുന്നു. ഡയറക്ടറേറ്റിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 11

<u>സ്വീകരിച്ച നടപടി</u>

സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡമനുസരിച്ചുള്ള ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക നിലവിലുള്ളതിനാല്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നഴ്സിംഗ് സർവ്വീസ് തസ്തികയുടെ ആവശ്യകത ഇല്ല. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പരിഗണിച്ചുവരുന്നു.

ശുപാർശ

ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 761 ആയുർവേദ ഡിസ്പെൻസറികള്, 115 ആശുപത്രികള്, വർക്കല പ്രകൃതി ചികിത്സാ ആശുപത്രി, ആലപ്പുഴ പഞ്ചകർമ്മ എന്നിവയ്ക്ക് ആവശ്യമായ ഔഷധങ്ങൾക്ക് വില കൂടിയതിനാൽ 2210-02-101-97-മറ്റാശുപത്രികളും ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടുതൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 12

സ്വീകരിച്ച നടപടി

നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ച് സമിതി ശുപാർശ ചെയ്ത അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ

പി.ജി. വിദ്യാർത്ഥികളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും സ്റ്റൈപന്റ് നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ പദ്ധതിയിതരയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ് ആയതിനാൽ 90 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 14

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം 2210-05-101-95(12) ശീർഷകത്തിൽ 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

ഗവൺമെന്റ് ആയുർവേദ കോളേജുകളിലേയ്ക്കും ഫാർമസിയിലേയ്ക്കും ആവശ്യമായ അസംസ്കൃത വസ്തുക്കള്, ലാബ് ഉപകരണങ്ങള്, രാസവസ്തുക്കള്, രോഗികൾക്കാവശ്യമായ മരുന്നുകള്, ഔഷധിയിൽ നിന്ന് വാങ്ങുന്ന മരുന്നുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ 10 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 15

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല.

<u>ശുപാർശ</u>

പുതിയ ആശുപത്രി സമുച്ചയത്തിലെ എല്ലാ നിലകളും പ്രവർത്തന സജ്ജമായതോടെ കിടപ്പുരോഗികളുടെ എണ്ണം വർദ്ധിക്കുമെന്നതിനാൽ അവർക്ക് നൽകേണ്ട ആഹാര സാധനങ്ങള്, പാചകത്തിന് ആവശ്യമായ പാചകവാതകം, മരുന്നുകള്, ഉപകരണങ്ങള്, ശുചീകരണത്തിനാവശ്യമായ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 16

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത തുക അനുവദിക്കുവാൻ സാധിച്ചില്ല.

<u>ശുപാർശ</u>

ഹോമിയോപ്പതി വകുപ്പിൽ പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് ആനുപാതികമായി ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജീവനകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അധിക തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വകുപ്പിൽ ആയുഷ്, എന്.ആര്.എച്ച്.എം. എന്നീ സംവിധാനങ്ങൾവഴി നടപ്പാക്കിവരുന്ന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 17

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 14 ജില്ലാ ഓഫീസുകളിൽ 2 ക്ലാർക്കുമാർ വീതവും ഹോമിയോപ്പതി ഡയറക്ടറേറ്റിൽ 2 ക്ലാർക്കുമാരുടെയും, 2 എല്.ഡി.ടൈപ്പിസ്റ്റുമാരുടെയും തസ്തിക ഉൾപ്പെടെ ഹോമിയോപ്പതി വകുപ്പിൽ 32 അധിക തസ്തികകൾ അനുവദിക്കുവാൻ ഹോമിയോപ്പതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ഇതിലേക്ക് ആവശ്യമായ തുക നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ</u>

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിന്റെ ലബോറട്ടറിയ്ക്കാവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ലാബിലേയ്ക്കാവശ്യമായ ജീവനക്കാരുടെ തസ്തികകൾ

സൃഷ്ടിക്കുന്ന തിനും തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിലെ കാലഹരണപ്പെട്ട യന്ത്രോപകരണങ്ങൾ മാറ്റിസ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണ്. തൃശ്ശൂര്, കോന്നി എന്നിവിടങ്ങളിൽ പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. ഇവയുടെ പ്രാരംഭനടപടികൾക്കായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങളിലേയ്ക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 18

<u>സ്വീകരിച്ച നടപടി</u>

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയ്ക്കാവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ 5,31,50,000 രൂപ അധികമായി അനുവദിക്കുകയും ടി തുക കെ.എം.എസ്.സി.എല്-ന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി ലാബിൽ ആവശ്യമായ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തൃശ്ശൂരിൽ ലാബ് നിർമ്മിക്കുന്നതിന് തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ 50 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. കോഴിക്കോട്. പത്തനംതിട്ട ജില്ലകളിൽ ലാബിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ എടുക്കുന്നതാണ്.

തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ കാലഹരണപ്പെട്ട യന്ത്രോപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് 2012-13 സാമ്പത്തിക വർഷത്തിൽ 204.3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉപകരണങ്ങൾ കെ.എം.എസ്.സി.എല്. മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്

<u>ശുപാർശ</u>

പ്രതിവർഷം 14000 ത്തോളം രോഗികൾ പുതിയതായി ചികിത്സയ്ക്കെത്തുന്ന റീജിയണൽ കാൻസർ സെന്ററിൽ ഓരോ വർഷവും നിർദ്ധനരായ രോഗികളുടെ സൗജന്യ ചികിത്സയ്ക്കായി 11 കോടിയോളം രൂപ ചെലവാകുന്നു. സൗജന്യ ചികിത്സ സുഗമമമായി നടത്തിക്കൊണ്ടുപോകാൻ പദ്ധതിയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 20

<u>സ്വീകരിച്ച നടപടി</u>

നിർദ്ധനരായ രോഗികളുടെ സൗജന്യചികിത്സ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനുവേണ്ടി പദ്ധതിയിനത്തിൽ 10 കോടി രൂപ അധിക ഗ്രാന്റായി

വകയിരുത്താൻ കമ്മിറ്റി ശുപാർശ ചെയ്തു. പ്രസ്തുത തുക പദ്ധതിയേതര ഇനത്തിൽ അനുവദിച്ചുതരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് റീജിയണൽ കാൻസർ സെന്റർ അപേക്ഷിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ചില്ല.

ശുപാർശ

എയ്ഡ്സ് ബാധിതരുടെ യാത്രാബത്ത, ചികിത്സാ ധനസഹായം, മരണാനന്തര പെൻഷൻ എന്നിവയ്ക്കായി 2210-80-800-74(നോൺ പ്ലാന്) എന്ന ശീർഷകത്തിൽ 2012 ജനുവരി മുതൽ 2012 മാർച്ച് വരെ 1,09,47,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിലേക്ക് ഈ പദ്ധതികളുടെ തുടർ നടത്തിപ്പിനായി ബഡ്ജറ്റിൽ 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ തുടർനടപടികൾ നടത്തേണ്ടത് അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 22

സ്വീകരിച്ച നടപടി

2012-13 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയിൽ നിന്നും ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2012-13 വർഷത്തേയ്ക്ക് ഈ പദ്ധതിയുടെ നടത്തിപ്പിനായി 73,09,800 രൂപ മാത്രം അധികമായി ആവശ്യമുള്ളൂ. ഈ തുക 2013-14 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വകയിരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അധിക തുക അനുവദിച്ചില്ല.

ശുപാർശ

സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന നിർദ്ധനരായ ഹൃദ്രോഗികൾക്ക് ശരിയായ രീതിയിലുള്ള ആധുനിക ചികിത്സ നൽകുന്നതിനാണ് കേരള ഹാർട്ട് ഫൗണ്ടേഷൻ രൂപീകരിച്ചത്. കേരള ഹാർട്ട് ഫൗണ്ടേഷന്റെ ബേസ് യൂണിറ്റായി പ്രവർത്തിക്കുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ ഒരു കാത്ത് ലാബ് മാത്രമേയുള്ളൂ. രാവിലെ 8 മണിമുതൽ രാത്രി 9 മണി വരെ പ്രവർത്തിക്കുന്ന കാത്ത് ലാബിൽ 3 മുതൽ 4 വരെ അക്യൂട്ട് ഹാർട്ട് അറ്റാക്ക് രോഗികൾക്ക് എമർജൻസി ആൻജിയോപ്ലാസ്റ്റി നടത്തേണ്ടിവരുന്നതിനാൽ രണ്ട് കാത്ത് ലാബുകളുടെ പ്രവർത്തനം ആവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഒരു പുതിയ കാത്ത് ലാബ് കൂടി വാങ്ങേണ്ടതാണ്. ഇതിലേക്കായി 4.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 23

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ (നാല് കോടി) അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച നിയമസഭാ കമ്മിറ്റി ശുപാർശ ചെയ്തിരുന്ന പ്രകാരം ജീവൻ രക്ഷാ മരുന്നുകളും കാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള വില കൂടിയ മരുന്നുകളും നിർമ്മാതാക്കളിൽ നിന്നും നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നതിനായി ആരംഭിച്ച പദ്ധതിയുടെ മൂലധന ചെലവിനായി 50 കോടി രൂപകൂടി കോർപ്പറേഷന് വകയിരുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നെങ്കിലും നാളിതുവരെ ഈ തുക ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 24

<u>സ്വീകരിച്ച നടപടി</u>

കമ്മിറ്റി ശുപാർശ ചെയ്ത 50 കോടി രൂപ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

<u>ശുപാർശ</u>

ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ നിലവാരം നിലനിറുത്തുന്നതിന് നിശ്ചിതമായ നിബന്ധനകൾ പാലിക്കുന്നതിലേക്കായി മെഷിനറി, ലാബിനാവശ്യമായ ഉപകരണങ്ങള്, കമ്പ്യൂട്ടറുകള്, പഠനസഹായ ഉപകരണങ്ങള്, പാഠ്യപുസ്തകങ്ങൾ തുടങ്ങിയ ആവശ്യ ങ്ങൾക്കായി അനുവദിച്ച 50 ലക്ഷം രൂപ അപര്യാപ്തമാണ്. സി-മെറ്റിന് പള്ളുരുത്തിയിലും മലമ്പുഴയിലും രണ്ട് നഴ്സിംഗ് കോളേജ് പണിയുന്നതിന് എന്.ആര്.എച്ച്.എം. വഴി 11.88 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക എന്.ആര്.എച്ച്.എം.-ന് തിരികെ നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 25

<u>സ്വീകരിച്ച നടപടി</u>

19.31 കോടി രൂപക്കുള്ള സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിനുള്ള പ്രൊപ്പോസൽ SI-MET സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രൊപ്പോസലിനുമേൽ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

<u>ശുപാർശ</u>

കുട്ടികളിലെ ബുദ്ധിവികാസ വ്യതിയാനങ്ങളും തകരാറുകളും വളർച്ചയിലെ കുറവും കാലതാമസവും കുട്ടികൾ തൂക്കം കുറഞ്ഞ് ജനിക്കുന്നതിന്റെ കാരണങ്ങളും പ്രശ്നങ്ങളും കൗമാര പ്രായത്തിലെ പോഷകാഹാരക്കുറവ് ഉണ്ടാക്കുന്ന പ്രശ്നങ്ങള്, മാതൃശിശു സംരക്ഷണം എന്നിവയെക്കുറിച്ച് പഠിക്കുകയും ആധുനികചികിത്സാരീതികൾ രൂപപ്പെടുത്തുകയും ചെയ്യുക മുതലായ ആവശ്യങ്ങൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 31 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 27

<u>സ്വീകരിച്ച നടപടി</u>

ഫൈനൽ SDG കഴിഞ്ഞ സ്ഥിതിക്ക് അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

വി. എസ്. ശിവകുമാര്,
*ചെയർമാന്,*
*വിഷയനിർണ്ണയ സമിതി XII.*

തിരുവനന്തപുരം,
2014 ജൂണ്, 19.

അനുബന്ധം

## 2013 ഏപ്രിൽ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII (2011-2013) 2013 ഏപ്രിൽ 24 ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'Vബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.
2. ശ്രീ. എ. എ. അസീസ് ,,
3. ശ്രീ. പി. കെ. ബഷീർ ,,
4. ശ്രീമതി ഇ. എസ്. ബിജിമോൾ ,,
5. ശ്രീ. കെ. ദാസൻ ,,
6. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ,,
7. ശ്രീ. റോഷി അഗസ്റ്റിൻ ,,
8. ശ്രീ. പി. ഉബൈദുള്ള ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ്
2. ഡോ. വി. ഗീത, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
3. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
4. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് വകുപ്പ്
5. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, ആർ.സി.സി.
6. ഡോ. എം. കെ. സി. നായർ, ഡയറക്ടർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ
7. ശ്രീ. ബി. സതീശൻ, ഡയറക്ടർ, മലബാർ കാൻസർ സെന്റർ

8. ഡോ. പി. എ. സുരേഷ്, ഡയറക്ടർ, ഐക്കോൺസ്
9. ഡോ. ടി. ശിവദാസ്, ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
10. ഡോ. അനിത ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡിപ്പാർട്ട്മെന്റ്
11. ഡോ. ഡി. രാജു, സെക്രട്ടറി, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി
12. ശ്രീ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ വകുപ്പ്
13. ഡോ. നിഷാ പോൾ, പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ
14. ശ്രീ. കെ. എം. ഉണ്ണിക്കൃഷ്ണൻ, എം.ഡി., കെ.എച്ച്.ആർ.ഡബ്ല്യു.എസ്.
15. ഡോ. ടി. വി. വേലായുധൻ, ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.സി.എസ്.
16. ഡോ. എൻ. വിമല, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, ആയുർവ്വേദ വകുപ്പ്
17. ശ്രീമതി അനിതാ എലിസബത്ത്, ഡെപ്യൂട്ടി സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
18. ശ്രീ. കെ. ശശിധരൻ, ജനറൽ മാനേജർ, ഔഷധി
19. ശ്രീ. കെ. എം. അശോകൻ, മാനേജർ, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ
20. ശ്രീ. കെ. ജി. ശ്രീകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്റ്റേറ്റ് മെഡിസിനൽ പ്ലാൻസ് ബോർഡ്
21. ശ്രീ. വി. വി. രാമചന്ദ്രൻ, ഹെഡ്, എൻ.ആർ.എച്ച്.എം.
22. ശ്രീ. ബി. രാജൻ, പ്രസിഡന്റ്, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ
23. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, ബിൽഡിംഗ്സ്
24. ശ്രീ. ജി. രാധാകൃഷ്ണൻ നായർ, രജിസ്ട്രാർ, കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ.

സമിതി 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XVIII, XIX എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

**മലബാർ കാൻസർ സെന്റർ**

വളരെ പുരോഗതി കൈവരിച്ച ഒരു സ്ഥാപനമാണ് മലബാർ കാൻസർ സെന്ററെന്ന് ആമുഖമായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പുതുതായി നിർമ്മിച്ച കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നഴ്സുമാരുടെയും സപ്പോർട്ടിംഗ് സ്റ്റാഫുകളുടെയും അപര്യാപ്തതയുണ്ടെന്നും

അതിലേക്ക് 210 സ്റ്റാഫിനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 48 പോസ്റ്റ് മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് ധനകാര്യവകുപ്പിൽനിന്ന് അറിയിച്ചിട്ടുണ്ടെന്നും മലബാർ കാൻസർ സെന്റർ ഡയറക്ടർ സമിതിയെ അറിയിച്ചു.

രണ്ടാമത് ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനും ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനും കാൻസർ കണ്ടുപിടിക്കുന്നതിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും മലിനീകരണ പ്ലാന്റിന്റെ അപ്ഗ്രഡേഷനും ലാന്റ് സ്കേപ്പിംഗിനും മറ്റ് ഊർജ്ജ സ്രോതസ്സുകൾക്കുവേണ്ടിയും സീനിയർ ഡോക്ടർമാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സിനും ലൈബ്രറി, ഓഡിറ്റോറിയം, ഹാളിന്റെ നിർമ്മാണം എന്നിവയ്ക്കുമായി ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് മലബാർ കാൻസർ സെന്ററിന്റെ ഭാഗമാക്കുന്നതിനായി കോഴിക്കോട് മാവൂരുള്ള സ്ഥലവും കെട്ടിടവും ഒരു ഡോക്ടർ മലബാർ കാൻസർ സെന്ററിന് സംഭാവന നൽകിയിട്ടുണ്ടെന്നും അത് പ്രയോജനപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മലബാർ കാൻസർ സെന്ററിന്റെ പ്രവർത്തനം നല്ല രീതിയിലാണ് നടന്നുവരുന്നത്. ആയതിനാൽ ഈ സ്ഥാപനത്തിനായി നൽകിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമാക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലബാർ കാൻസർ സെന്ററിൽ കുട്ടികളുടെ ചികിൽസയ്ക്കുവേണ്ട പരിഗണന നൽകുന്നില്ലെന്ന പരാതിയെപ്പറ്റി സമിതി ആരാഞ്ഞതിന് കുട്ടികളുടെ ചികിൽസയ്ക്കായി ഒരു പ്രത്യേക ബ്ലോക്കിന്റെ നിർമ്മാണം തുടങ്ങിയിട്ടുണ്ടെന്നും ഈ പുതിയ ബ്ലോക്കിലേക്ക് കുട്ടികളുടെ ചികിത്സ മാറ്റുന്നതാണെന്നും ഡയറക്ടർ അറിയിച്ചു.

മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിന് ആവശ്യമായ കെട്ടിടനിർമ്മാണം, സീനിയർ ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് നിർമ്മാണം, കോൺഫറൻസ് ഹാൾ, ലൈബ്രറി, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണം തുടങ്ങിയ ചെലവുകൾക്കായി 2210-05-800-79, 2210-05-800-62, 2210-05-800-63 എന്നീ ഹെഡ്ഡുകളിലായി 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഈ വർഷം നാല് മെഡിക്കൽ കോളേജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപവീതം അനുവദിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഇടുക്കി മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ എന്താണെന്ന സമിതിയുടെ ചോദ്യത്തിന് നിർമ്മാണ പ്രവർത്തനം നടക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണെന്നും ഈ പദ്ധതിയുടെ പ്രോജക്ട് കിറ്റ്കോയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും ആദ്യഘട്ടമെന്ന നിലയ്ക്ക് 6.25 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ മൊത്തം പ്ലാനും കെട്ടിടത്തിന്റെ പ്രത്യേകം എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആദ്യഘട്ടത്തിൽ 100 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടെന്നും നാല് മെഡിക്കൽ കോളേജുകൾക്കുമായി ഡോ. പി. ജി. ആർ. പിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുന്നതിന് പലയിടത്തും സർക്കാർ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ഇടുക്കി മെഡിക്കൽ കോളേജ് പ്രോജക്ടിന്റെ കൺസൾട്ടന്റായി കിറ്റ്കോയെ ചുമതലപ്പെടുത്തി ഗവൺമെന്റ് ഉത്തരവായതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഗവൺമെന്റ് അംഗീകരിച്ച ലിസ്റ്റിലുള്ള ഏജൻസിയായതുകൊണ്ട് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ സ്പെഷ്യൽ ഓഫീസറുടെ ശുപാർശ പ്രകാരമാണ് കിറ്റ്കോയെ തീരുമാനിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കിറ്റ്കോ ഒരു കേരള സർക്കാർ സ്ഥാപനമായതുകൊണ്ടാണ് ടെണ്ടർ വിളിക്കാതെതന്നെ പ്രോജക്ട് കൺസൾട്ടന്റായി തെരഞ്ഞെടുത്തതെന്നും അടുത്ത ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മറ്റു കമ്പനികളെ കിറ്റ്കോയുടെ നേതൃത്വത്തിൽ ടെണ്ടർ വിളിച്ച് ചുമതല ഏൽപ്പിക്കുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. ഇടുക്കി മെഡിക്കൽ കോളേജ് പ്രോജക്ടിന്റെ കൺസൾട്ടന്റായി കിറ്റ്കോയെ ചുമതലപ്പെടുത്തിയ സർക്കാർ ഉത്തരവിന്റെ മാനദണ്ഡങ്ങൾ എന്താണ് എന്ന് ആരാഞ്ഞതിന് കിറ്റ്കോ ഗവൺമെന്റ് അപ്രൂവ്ഡ് ലിസ്റ്റിലുള്ള ഒരു ഏജൻസിയായതുകൊണ്ട് സ്പെഷ്യൽ ഓഫീസറുടെ ശുപാർശ പ്രകാരം അംഗീകരിക്കുകയായിരുന്നുവെന്നും ധനകാര്യ വകുപ്പ് പറഞ്ഞിട്ടുള്ള നിരക്കിനാണ് പ്രോജക്ട് നൽകിയിട്ടുള്ളതെന്നും ഇതിന്റെ ടോട്ടൽ പ്രോജക്ട് കോസ്റ്റ് എത്രയാണെന്നുള്ളത് പരിശോധിച്ച് സമിതിയെ അറിയിക്കാമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

കേരളത്തിൽ ഓരോ വകുപ്പിലും കൺസൾട്ടൻസി ഫീസിനത്തിൽ വലിയ തുക യാണ് ചെലവാക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. കിറ്റ്കോ മുൻപ് ഇതുപോലുള്ള വർക്കുകൾ ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിക്കണമെന്നും വലിയ വർക്കുകൾ ചെയ്യുമ്പോൾ ഭീമമായ തുക നഷ്ടമാകാനിടയുള്ളതിനാൽ ഇക്കാര്യത്തിൽ വ്യക്തതയു ണ്ടാകണമെന്നും അടുത്ത യോഗത്തിൽ ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണ മെന്നും സമിതി ആവശ്യപ്പെട്ടു.

മെഡിക്കൽ ഹൗസ് സർജൻമാരുടേയും മെഡിക്കൽ ജൂനിയർ, സീനിയർ റെസിഡന്റുമാരുടേയും മാസസ്റ്റൈപ്പന്റ് നിരക്കിലുണ്ടായ വർദ്ധനയെത്തുടർന്നുള്ള അധിക ബാദ്ധ്യത നേരിടുന്നതിന് സ്കോളർഷിപ്പ് സ്റ്റൈപ്പന്റ് ഇനത്തിൽ 20.38 ലക്ഷം രൂപയും വിവിധ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ദന്തൽ കോളേജ് എന്നിവിടങ്ങളിൽ ജീവൻരക്ഷാ മരുന്നുകൾ, ആഹാരസാധനങ്ങൾ എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതി ലേക്കായി വിവിധ ആശുപത്രികൾക്ക് 5 കോടി 30 ലക്ഷം രൂപയും 1.84 ലക്ഷം രൂപ വിവിധ മെഡിക്കൽ, ദന്തൽ കോളേജുകൾക്കുമായി ആകെ 27.52 കോടി രൂപ 2210-05-105-33-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും 2210-05-105-33-24—സാധന സാമഗ്രികൾ എന്നീ ശീർഷകങ്ങളിലായി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ആരോഗ്യ വകുപ്പ്

രക്തബാങ്കിൽനിന്ന് രക്തം സ്വീകരിച്ച കുട്ടിക്ക് എച്ച്.ഐ.വി. പകർന്നതായ വാർത്തയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കുട്ടിക്ക് 'തലസീമിയ' എന്ന രോഗം ബാധിച്ചിരുന്നുവെന്നും 11 തവണ കുട്ടി രക്തം സ്വീകരിച്ചിരുന്നുവെന്നും ഇൻഫെക്ഷനു ണ്ടായി 60 ദിവസത്തിനുള്ളിൽ രക്തം ദാനംചെയ്താൽ രക്തത്തിൽ എച്ച്.ഐ.വി. ഉണ്ടാകുമെന്നും അത് വിൻഡോ പീരീഡ് ആണെന്നും ഈ പീരീഡിൽ ടെസ്റ്റ് ചെയ്താൽ അറിയുവാൻ സാധിക്കില്ലെന്നും കുട്ടി മാനന്തവാടി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽനിന്നും രക്തം സ്വീകരിച്ചിട്ടുണ്ടെന്നും ഈ രണ്ട് ബ്ലഡ് ബാങ്കിലേതിലെങ്കിലും ബ്ലഡ് ദാനംചെയ്ത ആരെങ്കിലും വിൻഡോ പീരീഡിലായിരുന്നിരിക്കണ മെന്നും അങ്ങനെ കുട്ടിക്ക് HIV പകർന്നതായിരിക്കാമെന്നാണ് അനുമാനിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഡോ. കെ. പി. അരവിന്ദന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതി ഇതു സംബന്ധിച്ച് അന്വേഷണം നടത്തുക യാണെന്നും ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

കൗമാര പ്രായക്കാർക്ക് കൊടുക്കുന്ന അയൺ ടാബ്ലെറ്റുകൾ വളരെയധികം ദോഷം ചെയ്യുന്നുണ്ടെന്ന പത്രവാർത്തയെത്തുടർന്ന് ഡോക്ടർമാരുടെ യോഗം വിളിച്ച് ഇത് സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തിയതിനുശേഷമാണ് സ്കൂളുകളിൽ അയൺ ടാബ്ലെറ്റ് കൊടുക്കുവാൻ തീരുമാനിച്ചതെന്നും 40% കുട്ടികൾക്കും വിളർച്ച രോഗമുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. അട്ടപ്പാടിയിൽ പന്ത്രണ്ടോളം കുട്ടികൾ പോഷകാഹാരക്കുറവുമൂലം മരണപ്പെട്ടുവെന്ന പത്രവാർത്തയെത്തുടർന്ന് ആരോഗ്യവകുപ്പുമന്ത്രിയും മറ്റു മന്ത്രിമാരും അവിടെപോയി ജനപ്രതിനിധികളുടെ യോഗം വിളിക്കുകയും ആരോഗ്യവകുപ്പുമായി ആലോചിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും പരാതികൾ പരിശോധിച്ചു വരികയാ ണെന്നും 'അമൃതം' എന്ന പോഷകാഹാരപ്പൊടി കൊടുക്കുന്നുവെന്നും അവർ റാഗി പോലുള്ളത് കൃഷി ചെയ്താണ് കഴിക്കുന്നതെന്നും അതുകൊണ്ട് കൃഷി ചെയ്ത് അത് കഴിക്കുന്ന പരമ്പരാഗതശൈലി നടപ്പിലാക്കുന്നതിനെക്കുറിച്ച് കൃഷിവകുപ്പ് ആലോചി ക്കുന്നുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. കടുത്ത വരൾച്ച കഴിഞ്ഞ് മഴക്കാലമാകുമ്പോൾ വൻതോതിലുള്ള പകർച്ചവ്യാധികൾ ഉണ്ടാകാറുള്ളതിനാൽ പ്രതിരോധ നടപടികൾ മുൻകരുതലോടെ സ്വീകരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, കോർപ്പറേഷൻ മേയർമാർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി യോഗങ്ങൾ ചേർന്നിരുന്നു വെന്നും ജില്ലാതല യോഗങ്ങളും പ്രാദേശികതല യോഗങ്ങളും ചേർന്ന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണെന്നും ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും 25,000 രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും തുടർപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി സംസ്ഥാനതലത്തിൽ പ്രത്യേക സെൽ രൂപീകരിക്കുന്ന തിന് തീരുമാനിച്ചിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു. രോഗപ്രതിരോധ പ്രവർത്തനങ്ങ ളുമായി ബന്ധപ്പെട്ട് സിദ്ധ, ആയുർവേദ, യുനാനി, ഹോമിയോ എന്നിവ ഉൾപ്പെടുത്തി 'ആയുഷ്' എന്ന സ്കീം ഇപ്പോൾ തുടങ്ങിയിട്ടുണ്ട് എന്നും ചെയർമാൻ അറിയിച്ചു.

ഡി.എച്ച്.എസ്.നു കീഴിലുള്ള സൊസൈറ്റിയാണ് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പരമാവധി 25,000 രൂപ ചികിത്സാസഹായം ലഭിക്കുമെന്നും അതിനുശേഷമാണ് ആർ.എസ്.ബി.വൈ.യും ചിസ് പ്ലസ്-ഉം വന്നതെന്നും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ആർ.എസ്.ബി.വൈ. കാർഡുണ്ടെങ്കിൽ ചിസ് പ്ലസിന്റെ ആനുകൂല്യങ്ങൾ ലഭിക്കുമെന്നും അതുകൊണ്ട് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ ആർ.എസ്.ബി.വൈ. കാർഡ് ഉറപ്പുവരുത്തേണ്ടതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ സൊസൈറ്റിയിൽനിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് സർക്കാരിന്റെ ഒരു കമ്മിറ്റി പാസ്സാക്കണമെന്നുള്ള നിബന്ധന മുൻപ് ഉണ്ടായിരുന്നുവെന്നും ഇപ്പോൾ അത് മാറ്റി സർക്കാരിലേക്ക് വരാതെതന്നെ അനുവദിക്കുന്നതിനുള്ള അധികാരം DHS-ന് കൊടുത്തിരിക്കുകയാണെന്നും ആർ.എസ്.ബി.വൈ. കാർഡുള്ളവർക്ക് 30,000 രൂപയാണ് ചികിത്സാ സഹായം ലഭിക്കുന്നതെന്നും ചില ഐഡൻഡിഫൈഡ് രോഗങ്ങൾക്ക് ചിസ് പ്ലസ്സുണ്ടെന്നും അതിനും മുകളിലുള്ളതാണ് കാരുണ്യ സ്കീമിൽ വരുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ആരോഗ്യ വകുപ്പിൽ ഭരണഭാഷ പൂർണ്ണമായതോതിൽ മലയാളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച 1,000 രൂപ അപര്യാപ്തമായതിനാൽ ഈ 2210-01-001-92 എന്ന ശീർഷകത്തിൽ 49,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ആരോഗ്യവകുപ്പിലെ കെട്ടിടനികുതിയിനത്തിൽ നിലവിലുള്ള കുടിശ്ശിക അടയ്ക്കുന്നതിനുവേണ്ടിയും വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-01-110-99 എന്ന ശീർഷകത്തിൽ അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വയനാട്ടിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 2210-03-800-92 എന്ന ശീർഷകത്തിൽ 80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ പോഷകാഹാര പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

നഴ്സിംഗ് സ്കൂളുകളുടെ പ്രവർത്തനത്തിനും വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2210-05-105-74-ജില്ലാ ആശുപത്രികളിൽ ലെപ്രസി അസിസ്റ്റന്റുകളുടെയും നഴ്സുമാരുടെയും പരിശീലനം എന്ന ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഈ സാമ്പത്തിക വർഷം ആശാവർക്കർമാർക്കുള്ള അലവൻസ് നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 24,95,99,000 രൂപ 2210-06-112-98 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഗ്രാമീണകുടുംബക്ഷേമ കേന്ദ്രങ്ങളിലേയും പോസ്റ്റ് പാർട്ടം കേന്ദ്രങ്ങളിലേയും (ബ്ലോക്ക് P.H.C.) ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക കുടിശ്ശിക നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2211-00-101-96 ഗ്രാമീണ കുടുംബ ക്ഷേമകേന്ദ്രങ്ങളും പോസ്റ്റ് പാർട്ടം കേന്ദ്രങ്ങളും (ബ്ലോക്ക് P.H.C.കൾ) എന്ന ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM)

നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽനിന്നും ഈ വർഷം എത്ര കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും സംസ്ഥാന വിഹിതം എത്രയാണെന്നും സമിതി ആരായുകയുണ്ടായി. 25% ഷെയറാണ് സംസ്ഥാനം കൊടുക്കേണ്ടതെന്നും കേന്ദ്ര സർക്കാരിൽനിന്നും കിട്ടുന്നത് 563 കോടി രൂപയാണെന്നും സംസ്ഥാനത്തിന്റെ വിഹിതം കണക്കു കൂട്ടുമ്പോൾ ആവശ്യമായിവരുന്ന 123 കോടി രൂപ ബാങ്കിലിട്ടാൽ മാത്രമേ കേന്ദ്രസർക്കാരിൽ നിന്നുള്ള തുക ലഭിക്കുകയുള്ളൂവെന്നും ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന തുക ആദ്യം സംസ്ഥാന വിഹിതമായി ബാങ്കിലിടാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നതെന്നും ബാക്കിതുക അഡീഷണലായി തരാമെന്നും പ്ലാനിംഗ് ബോർഡും ഫിനാൻസ് വകുപ്പും മാച്ചിംഗ് ഷെയർ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 543 കോടി രൂപയാണ് ആകെ ലഭിക്കേണ്ടിയിരുന്നതെന്നും കഴിഞ്ഞവർഷം കേന്ദ്ര ധനകാര്യവകുപ്പ് പാസ്സാക്കിയ നിയമപ്രകാരം നേരത്തെ അനുവദിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്ത ഏജൻസികൾക്ക് തുക റിലീസ് ചെയ്യില്ല എന്ന നിബന്ധന വച്ചിരുന്നുവെന്നും ഈ സർക്കാർ വരുന്നതിനുമുൻപുള്ള തുക ലഭിച്ചുകഴിഞ്ഞ് ബാക്കിയുള്ള എട്ട് മാസത്തോളം തുകയൊന്നും ലഭിച്ചിരുന്നില്ലെന്നും കൃത്യമായ കണക്ക് അറിയില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് മുൻഗവൺമെന്റിന്റെ കാലത്തെയും ഈ ഗവൺമെന്റിന്റെ കാലത്തെയും കണക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

കഴിഞ്ഞവർഷം NRHM ഫണ്ടിൽനിന്നും കിട്ടേണ്ടിയിരുന്ന എത്ര കോടി രൂപ നഷ്ടപ്പെട്ടുപോയിട്ടുണ്ടെന്നും നഷ്ടപ്പെടാനുണ്ടായ കാരണമെന്താണെന്നും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാതിരുന്നതുകൊണ്ട് ഏതൊക്കെ ഇനത്തിലാണ് തുക നഷ്ടമായതെന്നും അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടോയെന്നും അവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക എത്രയാണെന്നും അതിൽനിന്ന് റിലീസ് ചെയ്ത തുക, ചെലവായ തുക എന്നിവ ഉൾപ്പെടെ NRHM ആരംഭിച്ചതുമുതൽ ഇന്നുവരെയുള്ള കണക്കുകൾ ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ഈ സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിയ കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ ഉപയോഗിക്കാതെ ഡമ്പ് ചെയ്ത് ഉപയോഗശൂന്യമായി പല ആശുപത്രികളിലും കിടക്കുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് വൈദ്യ-നിയമസഹായങ്ങളും സൗജന്യ കൗൺസിലിംഗും നൽകുന്നതിനായി "ഭൂമിക" എന്ന

പേരിൽ എല്ലാ ജില്ലാ ആശുപത്രികളിലും ആറ് താലൂക്ക് ആശുപത്രികളിലുമായി രൂപീകരിച്ചിട്ടുള്ള ജൻഡർ ബെയ്സ്ഡ് വയലൻസ് മാനേജ്മെന്റ് സെന്ററുകളുടെ പ്രവർത്തനത്തിന് എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നും താലൂക്ക് ആശുപത്രികൾ ഏതെല്ലാ മാണെന്നും സമിതി ആരാഞ്ഞതിന് 50 ലക്ഷം രൂപയാണ് ഇതിനായി മാറ്റിവെച്ചിരിക്കുന്ന തെന്നും കരുനാഗപള്ളി, വടകര, തൊടുപുഴ തുടങ്ങിയ താലൂക്കാശുപത്രികളാണ് ഇതിൽ ഉൾപ്പെടുന്നതെന്നും ഹെൽത്ത് സർവ്വീസസ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ ആശുപത്രിക്കായി എത്ര ലക്ഷം രൂപ ചെലവായെന്നതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

തിരൂരിൽ പീഡിപ്പിക്കപ്പെട്ട നാടോടി പെൺക്കുട്ടിക്ക് ഗവൺമെന്റ് ധനസഹായം കൊടുത്തിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കുട്ടിക്ക് സൗജന്യ ചികിത്സ നൽകുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ ജില്ലയിലും നാടോടികൾക്ക് വൈകുന്നേരങ്ങളിൽ അഭയം കൊടുക്കുക എന്ന ഉദ്ദേശത്തോടുകൂടി ആഭ്യന്തര വകുപ്പു മായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു. കൂടാതെ കണ്ണൂർ ജില്ലയിലെ ഇരിട്ടിയിൽ പീഡിപ്പിക്കപ്പെട്ട ബംഗാളി പെൺകുട്ടിയുടെ ചികിത്സ സംബന്ധിച്ച് വിശദമായി അന്വേഷിച്ച് ഡീറ്റെയിൽസ് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ചില ആശുപത്രികളെ താലൂക്ക് ആശുപത്രികളായി ഉയർത്തിയെങ്കിലും ആശുപത്രി കളുടെ വികസനത്തിനോ തസ്തികകൾ സൃഷ്ടിക്കുന്നതിനോ ഒരു നടപടിയും സ്വീകരിക്കുന്നില്ലായെന്ന പരാതി നിലവിലുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. CHC-കൾക്കും താലൂക്ക് ആശുപത്രികൾക്കും ആവശ്യമായ സ്റ്റാഫുകളുടെ ഡീറ്റെയിൽസ് തയ്യാറാക്കി ധനകാര്യ വകുപ്പിന് കൊടുത്തുവെങ്കിലും പരിഗണിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. 2009-ൽ എത്ര സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തുവെന്നും അതിൽ എവിടെയെല്ലാം പുതിയ സ്റ്റാഫുകളെ നിയമിച്ചുവെന്നുമുള്ള വിവരം സമിതിക്ക് ലഭ്യമാക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

എൻ.ആർ.എച്ച്.എം. മായി ബന്ധപ്പെട്ട് പാലിയേറ്റീവ് പരിചരണ പദ്ധതി ഇപ്പോൾ അലോപ്പതി വിഭാഗത്തിൽ മാത്രമാണുള്ളത് എന്നും അത് ആയുർവേദത്തിൽ കൂടി നടപ്പിലാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇടുക്കി ജില്ലയിൽ 'സ്നേഹധാര' എന്ന പേരിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് ആയൂർവേദ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ സമിതിയെ അറിയിച്ചു. മറ്റു സ്ഥലങ്ങളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കു ന്നതിന് ഇതു സംബന്ധിച്ച് ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയാൽ അത് ഗവൺമെന്റ് ഓഫ് ഇൻഡ്യയ്ക്ക് സമർപ്പിക്കാമെന്ന് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

NRHM പദ്ധതി 2013-14 വർഷം വിഭാവനം ചെയ്തിരിക്കുന്ന 798.19 കോടി രൂപയിൽ സംസ്ഥാന വിഹിതമായി 199.55 കോടി രൂപ അനുവദിക്കേണ്ടതായിരുന്നു. എന്നാൽ 2210-03-102-98—ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (സംസ്ഥാന വിഹിതം) എന്ന ശീർഷകത്തിൽ അനുവദിച്ച 75 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 124.54 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആശുപത്രികൾക്ക് ആംബുലൻസ് വാങ്ങി നൽകിയെങ്കിലും അത് ഓടിക്കുന്നതിന് ഡ്രൈവർമാർ ഇല്ലെന്നും NRHMവഴി താൽക്കാലിക ഡ്രൈവർമാരെ അനുവദിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും അതാത് സ്ഥലത്തെ CHC-കളോ പി.എച്ച്.സി.കളോ ആംബുലൻസ് ഏറ്റെടുത്തു നടത്തുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിനായി പഞ്ചായത്തുകളുടെ ഡീസെൻട്രലൈസ്ഡ് പ്ലാൻ വച്ച് ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

NRHM-ന്റെ സ്റ്റേറ്റ് ഷെയർ നൽകുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ മാനദണ്ഡം എന്താണെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ലായെന്നും കിട്ടേണ്ട തുക മുഴുവൻ കിട്ടിയിട്ടുണ്ടോ എന്ന് ബലമായ സംശയമുണ്ടെന്നും അത് സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 563 കോടി രൂപ ലഭിക്കേണ്ടതായിരുന്നു, എന്നാൽ അത് മുഴുവൻ ലഭിച്ചിട്ടില്ല. മുൻവർഷങ്ങളിലും പൂർണ്ണമായും ലഭിച്ചിട്ടില്ലായെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. NRHM-ൽനിന്നും ശരാശരി 250 മുതൽ 350 കോടി രൂപ വരെയാണ് ലഭിക്കുന്നത്. ഇത് സംബന്ധിച്ച വിശദവിവരം സമർപ്പിക്കാൻ സമിതി ആവശ്യപ്പെട്ടു. കഴിഞ്ഞ വർഷം ലഭിച്ച തുകയും ഈ വർഷം ലഭിച്ച തുകയും അതിൽ എത്ര ചെലവായി എന്നത് സംബന്ധിച്ചുള്ള കണക്കുകളും ലഭ്യമാക്കാൻ സമിതി ആവശ്യപ്പെട്ടു. മുൻവർഷങ്ങളിലെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അത് കൊടുക്കുന്നതിനുള്ള സംവിധാനം സർക്കാർ ചെയ്തിട്ടുണ്ടെന്നും അപ്പോൾ ലഭിക്കാനുള്ള തുക മുഴുവൻ നമുക്ക് ലഭിക്കുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

## ഭാരതീയ ചികിത്സാ വകുപ്പ്

14 ജില്ലാ ഓഫീസുകളുടേയും വാഹനങ്ങളുടെ ഇന്ധനചെലവിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 85,000 രൂപ 2210-02-001-98—ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസ് 2210-02-001-98-45—പി.ഒ.എൽ. എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

14 ജില്ലാ ഓഫീസുകളുടേയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 40,000 രൂപ അധികമായി 2210-02-001-98-21—(മോട്ടോർ വാഹനങ്ങൾ)—2 (സംരക്ഷണവും അറ്റകുറ്റപ്പണികളും) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വിവിധ സ്ഥാപനങ്ങൾക്ക് വാടകക്കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 2210-02-001-98-06—വാടക, കരം, നികുതി എന്ന പ്ലാൻ ശീർഷകത്തിൽ അധികമായി 50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ജില്ലകളിലെ സിദ്ധവൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനായുള്ള ഇന്ധനചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ 2210-02-104-98—സിദ്ധ

ആശുപത്രികൾ 2210-02-104-98-24—സാധന സാമഗ്രികൾ—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം എന്നീ ശീർഷകങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ജില്ലകളിലെ സിദ്ധവൈദ്യ സ്ഥാപനങ്ങളിലെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധനചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ 2210-02-104-99—സിദ്ധവൈദ്യ ആശുപത്രിയും ഡിസ്പെൻസറികളും 2210-02-104-99-24—സാധനസാമഗ്രികൾ—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം എന്നീ ശീർഷകങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

വൈദ്യുത ചാർജ്ജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2210-05-101-84—മാനസികരോഗ ഗവേഷണ സ്ഥാപനം 05-02—വൈദ്യുതച്ചെലവുകൾ എന്നീ ശീർഷകങ്ങളിൽ 10,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

നിലവിലുള്ള വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 78,000 രൂപ 2210-04-198-50—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ജില്ലയിലെ വൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 4,000 രൂപ 2210-04-192-50—റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

14 ജില്ലകളിലെയും ആയുർവേദ സ്ഥാപനങ്ങളുടെ രോഗികൾക്കുള്ള ഭക്ഷണം, കഷായം എന്നിവ പാകം ചെയ്യുന്നതിനുള്ള ഇന്ധനചെലവ്, ഭക്ഷണം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളുടെ നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു:

2210-02-198-50-24 —സാധനസാമഗ്രികൾ

—വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം—149 ലക്ഷം രൂപ

2210-02-196-50-24 —സാധനസാമഗ്രികൾ

—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം—59 ലക്ഷം രൂപ

2210-02-192-50-24 —സാധനസാമഗ്രികൾ

—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം—39 ലക്ഷംരൂപ

2210-02-191-50-24 —സാധനസാമഗ്രികൾ

—കോർപ്പറേഷനുകൾക്കുള്ള ധനസഹായം—3,41,000 രൂപ

ഒരു ബ്ലോക്കിൽ ഒന്നിൽ കൂടുതൽ സി.എച്ച്.സി.കളോ പി.എച്ച്.സി.കളോ ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രത്യേകം ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുറവ്, ആയൂർവേദ പി.ജി. കോഴ്സുകൾക്കുള്ള അലോട്ട്മെന്റ്, പാരാമെഡിക്കൽ കോഴ്സുകളുടെ നടത്തിപ്പ്, സർക്കാർ എയ്ഡഡ്, സ്വാശ്രയ മേഖലയിലെ ആയൂർവേദ വിദ്യാഭ്യാസ സംബന്ധമായ മറ്റ് ജോലികൾ ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിലേക്കായി 2210-05-001-96-01—ശമ്പളം എന്ന ശീർഷകം രൂപീകരിച്ച് 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ നവീകരണത്തിന്റെ ഭാഗമായി തുടങ്ങിവെച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 10 ലക്ഷം രൂപ 2210-05-001-95—ആയൂർവേദ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള തുടർവിദ്യാഭ്യാസം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മെഡിക്കൽ സ്റ്റോർ എന്നിവയുടെ നിർമ്മാണത്തിന് ബജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ 4210-03-101-93 ഗവൺമെന്റ് ആയൂർവേദ കോളേജ്, കണ്ണൂർ, സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2210-05-001-98-ൽ (06-ആർ ആർറ്റി) (നോൺ പ്ലാൻ) എന്ന ഉപശീർഷകം ഈ വകുപ്പിന് അനുവദിച്ചിട്ടില്ല. എന്നാൽ ഈ വകുപ്പിൽ (06 ആർ ആർറ്റി) എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ട പ്രോപ്പർട്ടി ടാക്സ് തുടങ്ങിയ ആവശ്യങ്ങൾ മെറ്റീരിയൽസ് & സപ്ളൈസ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽനിന്ന് വഹിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം (2012-13) പ്രോപ്പർട്ടി ടാക്സിന്റെ 2-ാം ഗഡു അടയ്ക്കുന്നതിന് മെറ്റീരിയൽസ് & സപ്ളൈസ് (നോൺ പ്ലാൻ) എന്ന ഹെഡ്ഡിൽ മതിയായ തുക ഇല്ലാതിരുന്നതുകാരണം അടയ്ക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ ഡി.എ.എം.ഇ. ഓഫീസിന്റെ 4-ാം നില കെട്ടിടത്തിന് കോർപ്പറേഷനിൽനിന്നും നമ്പർ ലഭ്യമാകുകയും വാടക നിശ്ചയിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ 2210-05-001-98 (06 ആർ ആർറ്റി) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 50,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

### ഗവൺമെന്റ് ആയൂർവേദ കോളേജ്, കണ്ണൂർ

യാത്രാബത്ത, അവധി യാത്രാ ആനുകൂല്യം, വൈദ്യുതി ചാർജ്ജ്, ഡീസൽ ചാർജ്ജ്, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, പാർട്ട് ടൈം ജീവനക്കാരുടെ ക്ഷാമബത്ത, അലവൻസുകൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2210-05-101-79-04—യാത്രാചെലവുകൾ—648 ലക്ഷം രൂപ

2210-05-101-79-05—ഓഫീസ് ചെലവുകൾ—2 ലക്ഷം രൂപ

2210-05-101-79-06 (45)—പി.ഒ.എൽ.—1 ലക്ഷം രൂപ

2210-02-101-78-(01)—ശമ്പളം-2.5 ലക്ഷം രൂപ

2210-02-101-78-(02)—വേതനം—50,000 രൂപ

2210-02-101-78-(04)—യാത്രാചെലവുകൾ—4.27 ലക്ഷം രൂപ

2210-02-101-05-(45)—പി.ഒ.എൽ.—50,000 രൂപ രൂപ

**ഗവൺമെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ**

അദ്ധ്യാപകരുടെ യു.ജി.സി. ശമ്പളം, കുടിശ്ശിക, ജീവനക്കാരുടെ അവധിയാത്രാ ആനുകൂല്യം, കെട്ടിട നികുതി, സ്റ്റൈപ്പന്റും കുടിശ്ശികയും, ഇന്റേൺഷിപ്പുകാരുടെ ബാധ്യത, പച്ച മരുന്നുകളുടെ വില വർദ്ധനവ്, രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ബാധ്യത, വാട്ടർ ചാർജ്ജ്, കറന്റ് ചാർജ്ജ് എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു:

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ—151.25 ലക്ഷം രൂപ

2210-02-101-98—കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ—113.33 ലക്ഷം രൂപ

**ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം**

2210-05-101-95—ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ആയുർവേദ കോളേജിലെ പി.ജി., യു.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും ദിവസ വേതനക്കാർക്കുള്ള തുകയ്ക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2210-05-101-95-02 (വേതനം)—7 ലക്ഷം

2210-05-101-95-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും—9 ലക്ഷം

**ആയൂർവേദ കോളേജ്, തിരുവനന്തപുരം, ഫാർമകോഗ്നസി യൂണിറ്റ്**

ഔഷധത്തോട്ടത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർക്ക് വേതനം നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ 2210-02-101-94—ഔഷധ സസ്യ പഠന കേന്ദ്രം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ഹോമിയോപ്പതി വകുപ്പ്

സ്ത്രീ സാന്ത്വനപദ്ധതിയായ സീതാലയത്തിന്റെ പദ്ധതി നടത്തിപ്പിനും സീതാലയം സെന്റർ നിർമ്മാണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ 2210-02-102-76—വനിതാ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ-(സീതാലയം) 4210-02-110-82—സ്ത്രീകൾക്ക് വേണ്ടിയുള്ള ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ എന്നീ ശീർഷകങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സാന്ത്വനമേകുന്ന സീതാലയം പദ്ധതി ഇന്ന് താൽക്കാലിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചു കൊണ്ടാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ 14 ജില്ലകളിലേയും സീതാലയം സെന്ററുകളിൽ ആവശ്യമായ മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാനമൊട്ടാകെയുള്ള ഹോമിയോ ഡിസ്പെൻസറികളിലേക്കും ആശുപത്രികളിലേക്കും ആവശ്യമായ മരുന്നും ലേപനങ്ങളും മറ്റും സംഭരിച്ച് കൃത്യമായും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് റീജിയണൽ മെഡിക്കൽ സ്റ്റോറുകൾ. റീജിയണൽ മെഡിക്കൽ സ്റ്റോറുകൾക്ക് പുറമെ ഒരു സെൻട്രൽ മെഡിക്കൽ സ്റ്റോർകൂടി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 3 റീജിയണൽ മെഡിക്കൽ സ്റ്റോറുകളിലേയും ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി നോക്കുന്നവരാണ്. വകുപ്പിന് കീഴിലുള്ള ഹോമിയോ സ്ഥാപനങ്ങളിലേക്കുള്ള മരുന്ന് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന് ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ആയതിനാൽ നിലവിലുള്ള മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ ജീവനക്കാരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി കോളേജ് ബസ്സ് അത്യാവശ്യമാണ്. ബഡ്ജറ്റ് മുഖേന പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കോളേജ് ബസ്സ് വാങ്ങുന്നതിനായി 2210-05-102-99-34-3—(മറ്റിനം) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ഇന്റേണീസ് സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായി വരുന്ന 10 ലക്ഷം രൂപ 2210-05-102-99-06-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ശ്രീ വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം മുഖേനയുള്ള കുടിശ്ശിക,ശമ്പളം, ഇന്റേണിസ്സിന്റെ സ്റ്റൈപ്പന്റ് കുടിശ്ശിക, മൂന്ന് സ്വകാര്യ കോളേജുകൾക്ക് നൽകേണ്ട കുടിശ്ശിക എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ 151.049 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അധികമായി 80 ലക്ഷംരൂപ 2210-05-102-88—സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

കാക്കനാട്ടുള്ള ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പണി ഏകദേശം പൂർത്തിയായി ട്ടുണ്ടെന്നു എക്വിപ്മെന്റ്സ് വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-ന് തുക നൽകിയിട്ടു ണ്ടെന്നും മൂന്ന് മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യുമെന്നും 79 പോസ്റ്റുകൾ സൃഷ്ടിക്കുന്ന തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ഡ്രഗ്സ് കൺട്രോളർ സമിതിയെ അറിയിച്ചു. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനകളൊന്നും യഥാവിധി നടക്കുന്നില്ലായെന്ന പരാതി സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. കുറഞ്ഞത് മൂന്ന് ലബോറട്ടറിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ കാര്യക്ഷമമായ പരിശോധന സാധ്യമാകുകയു ള്ളൂവെന്നും കാക്കനാട്ടുള്ള റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പണി പൂർത്തിയായിട്ടുണ്ടെന്നും തൃശൂരിൽ ഡ്രഗ്സ് ടെസ്റ്റിന് ലബോറട്ടറി സ്ഥാപിക്കുന്ന തിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും ഡ്രഗ്സ് കൺട്രോളർ സമിതിയെ അറിയിച്ചു.

എറണാകുളത്ത് പുതുതായി ആരംഭിക്കുന്ന റീജിയണൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ മൈക്രോബയോളജി ലാബ് സ്ഥാപിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനും ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ ക്ലിനിക്കൽ സ്റ്റഡി നടത്തുന്നതിനുമായി പദ്ധതിയിനത്തിൽ 189.70 ലക്ഷം രൂപ 2210-06-104-98—മരുന്നു പരിശോധനശാല എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ മുതലായവയ്ക്കും വകുപ്പിലെ കണ്ടംചെയ്ത 3 വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 225 ലക്ഷം രൂപ അധികമായി 2210-06-104-98—മരുന്നു പരിശോധനശാല എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## റീജിയണൽ കാൻസർ സെന്റർ

റീജിയണൽ കാൻസർ സെന്ററിലെ പുതിയ പത്തുനില കെട്ടിടത്തിനായി 22 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും നിലവിലുള്ള കരാർ പ്രകാരമുള്ള വില വർദ്ധനയും വൈദ്യുതീകരണം തുടങ്ങിയ അനുബന്ധ ജോലികളുടെ ടെന്റർ എക്സസ്സും ചേർത്ത് 8 കോടിയോളം രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ അക്കാഡമിക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക ഇനത്തിൽ 5 കോടി രൂപയും നിർദ്ധനരായ രോഗികളുടെ സൗജന്യ ചികിത്സയ്ക്ക് 10 കോടി രൂപയും അധികമായി വേണ്ടിവരും. ആയതിനാൽ പദ്ധതിയിനത്തിൽ 8 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 10 കോടി രൂപയും അധിക ഗ്രാന്റായി 2210-05-800-89—പ്രാദേശിക അർബുദ ചികിൽസാകേന്ദ്രം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ഐക്കോൺസ്

ഓട്ടിസം, ബുദ്ധിമാന്ദ്യം, മറ്റ് വൈകല്യങ്ങൾ മുതലായവയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും പുനരധിവാസവും നൽകുന്ന റസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം ഉൾപ്പെടെ ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ച പദ്ധതികൾക്ക് അനുവദിച്ച തുക

അപര്യാപ്തമായതിനാൽ 14 കോടി രൂപ പ്ലാൻ ഇനത്തിലും 1 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും 2210-05-105-36—ജ്ഞാനഗോചര ആശയ വിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള സൊസൈറ്റി എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു. സമിതിയോഗത്തിൽ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥർ ഹാജരാകാത്തതിനുള്ള വിശദീകരണം ആരായാൻ സമിതി തീരുമാനിച്ചു.

## ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ

കേരളത്തിലെ അഞ്ചു ശതമാനത്തോളം കുട്ടികൾക്ക് ഡെവലപ്പ്മെന്റ് പ്രോബ്ളവും കൗമാരക്കാരായ കുട്ടികളിൽ കണ്ടുവരുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും ചികിത്സിക്കുന്നതിനായി എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഓരോ ജില്ലകളിലും ഓരോ സബ് യൂണിറ്റ് ഘട്ടം ഘട്ടമായി ആരംഭിക്കേണ്ടതുണ്ട്.

ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും പുതിയ ആഡിറ്റോറിയത്തിന്റെ നിർമ്മാണം, വിവിധ ഗവേഷണ പ്രവർത്തനങ്ങൾ, ക്ലിനിക് സൗകര്യം മെച്ചപ്പെടുത്തൽ, ട്രെയിനിംഗ്, മറ്റ് പുതിയ സ്കീമുകളുടെ നടത്തിപ്പ് തുടങ്ങിയ ആവശ്യങ്ങൾക്കായി പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 89 ലക്ഷം രൂപയും ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ (CDC) പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് വൈദ്യുതി, വെള്ളം, സെക്യൂരിറ്റി സർവ്വീസുകൾ, ക്ലീനിംഗ്, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ തുടങ്ങിയവയ്ക്കും സി.ഡി.സി.യുടെ സുഗമമായ പ്രവർത്തനത്തിനുമായി 26 പുതിയ തസ്തികകളിൽ നിയമനം നടത്തി ശമ്പളം നൽകുന്നതിനായി പദ്ധതിയിതര ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപയും 2210-05-105-50—ശിശു വികസന സെന്റർ സൊസൈറ്റി മെഡിക്കൽ കോളേജ്, തിരുവനന്തപുരം എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ ബോർഡ്

നിയമവിധേയമല്ലാത്ത രക്തസംഭരണവും വിതരണവും തടയുക, രക്തദാനത്തെ കുറിച്ചുള്ള അവബോധം യുവാക്കളുടെ ഇടയിൽ പ്രചരിപ്പിക്കുക, ബ്ലഡ് ബാങ്കുകളുടേയും ടെസ്റ്റ് കിറ്റ്, റീ-ഏജന്റ് മുതലായവയുടെ വിതരണം നിയന്ത്രിക്കുക, ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവ സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാണ്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനായും ഇതു സംബന്ധിച്ച മറ്റു പ്രവർത്തനങ്ങൾക്കായും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ 2210-01-110-86-34—ജില്ലാ താലൂക്ക് ആശുപത്രികളിൽ രക്തബാങ്ക്—മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി

കേരള പബ്ലിക് ഹെൽത്ത് ആക്ട് നിലവിൽ വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരായുകയുണ്ടായി. ഇത് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഇതുവരെയും വെബ്സൈറ്റിൽ വന്നിട്ടില്ലായെന്ന് പ്രിൻസിപ്പൽ സെക്രട്ടറി

സമിതിയെ അറിയിച്ചു. വകുപ്പിന് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക മതിയാകുമെന്നും അധിക തുക ആവശ്യമില്ലായെന്നും സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി സെക്രട്ടറി അറിയിച്ചു.

**കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി**

മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ കെ.എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ കീഴിലുള്ള 20 പേ വാർഡുകളുടെ നവീകരണം, ഐ.പി.പി. ഓഫ്സെറ്റ് പ്രസ്സിന്റെ നവീകരണം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ പുതിയ പേ വാർഡുകളുടെ നിർമ്മാണം. ലാബുകളുടേയും വിവിധ യൂണിറ്റുകളുടേയും നിലവാരം അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയ ആവശ്യങ്ങൾക്കായി 2 കോടി രൂപ 2210-05-800-65 (ഗ്രാന്റ്-ഇൻ-എയ്ഡ്)—കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**സംസ്ഥാന ഔഷധ സസ്യബോർഡ്**

നടപ്പുസാമ്പത്തിക വർഷത്തിൽ സർക്കാർ അനുവദിച്ച പദ്ധതി തുകയായ 50 ലക്ഷം രൂപ ഔഷധ സസ്യബോർഡ് ഉദ്ദേശിക്കുന്ന വിവിധ ജനപ്രിയ പദ്ധതികളായ സ്കൂളിൽ ഒരു ഔഷധത്തോട്ടം, ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, ഗുണമേന്മയുള്ള ഔഷധ തൈകളുടെ ഉൽപ്പാദനം, ഔഷധ സസ്യകൃഷി വ്യാപനം, ഔഷധ സസ്യങ്ങളുടെ സമഗ്ര വിവരശേഖരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ മതിയാവാതെ വരുമെന്നതിനാൽ ഒരു കോടി രൂപ 2210-05-101-60—സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ**

സംസ്ഥാന ഫാർമസി കൗൺസിലിന്റെ പുതിയ പദ്ധതികളായ ഡോക്യുമെന്ററി/ പരസ്യചിത്ര നിർമ്മാണം, 'ഫാർമസിസ്റ്റ് ഡെസ്ക് റഫറൻസ്' എന്ന ആധികാരിക ഗ്രന്ഥം (പുതിയ എഡിഷൻ) തയ്യാറാക്കൽ, ഡ്രഗ് ഇൻഫർമേഷൻ സെന്റർ തുടങ്ങുക, ഫാർമസിസ്റ്റുകൾക്കായി തുടർവിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയവ ആവിഷ്ക്കരിക്കാൻ പ്രസ്തുത പ്ലാൻ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 31 ലക്ഷം രൂപ 2210-01-800-89—കേരള സ്റ്റേറ്റ് ഫാർമസി കൗൺസിലിന് ധനസഹായം എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 2013 ഏപ്രിൽ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII (2011-13), 2013 ഏപ്രിൽ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും

ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു:

തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എ. എ. അസീസ്, എം. എൽ. എ.
2. ശ്രീമതി ഇ. എസ്. ബിജിമോൾ, എം. എൽ. എ.
3. ശ്രീ. കെ. ദാസൻ, എം. എൽ. എ.
4. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, എം. എൽ. എ.
5. ശ്രീ. റോഷി അഗസ്റ്റിൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ്
2. ശ്രീ. പി. എസ്. പ്രദീപ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. കെ. സുദർശനൻ, അഡീഷണൽ സെക്രട്ടറി, ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റ്
4. ഡോ. വി. ഗീത, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്
5. ഡോ. എം. ബീന, എസ്. എം. ഡി., എൻ.ആർ.എച്ച്.എം.
6. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ടുമെന്റ്
7. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, ആർ.സി.സി.
8. ശ്രീ. കെ. എ. ഡേവിഡ്, ഡയറക്ടർ, ഡി. ആർ. എസ്.
9. ഡോ. മീനു ഹരിഹരൻ, ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്
10. ശ്രീമതി പി. ജയലക്ഷ്മി, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. കെ. അനിൽ കുമാർ, കമ്മീഷണർ ഇൻ-ചാർജ്, ഫുഡ് & സേഫ്റ്റി
12. ശ്രീ. ആർ. ആർ. ശുക്ല, മാനേജിംഗ് ഡയറക്ടർ, ഔഷധി

13. ശ്രീ. ആർ. കമലഹാർ, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

14. ഡോ. പി. വി. സന്തോഷ്, മാനേജിംഗ് ഡയറക്ടർ, ഹോംകോ

15. ഡോ. എൻ. ശ്രീധർ, എസ്.പി.എം. (എൻ.ആർ.എച്ച്.എം.) അഡീഷണൽ ഡി.എച്ച്.എസ്.

16. ഡോ. നിഷാ പോൾ, പ്രിൻസിപ്പാൾ ആന്റ് കൺട്രോളിംഗ് ആഫീസർ, ഗവൺമെന്റ് ഹോമിയോപതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

17. ശ്രീ. പി. ഹരിപ്രസാദ്, ഡ്രഗ്സ് കൺട്രോളർ, ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ്

18. ഡോ. ടി. വി. വേലായുധൻ, ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.സി.എസ്.

19. ശ്രീ. കെ. ജി. വിജയകുമാരൻ നായർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള ആരോഗ്യ സർവ്വകലാശാല

20. ശ്രീ. കെ. ധർമ്മരാജൻ, പ്രോജക്ട് എഞ്ചിനീയർ, കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്.

21. ശ്രീ. വി. വി. രാമചന്ദ്രൻ, ഹെഡ്, എൻ.ആർ.എച്ച്.എം.

22. ഡോ. കെ. വി. ബീന, എസ്.പി.എം. (ആർ.സിഎച്ച്.) എൻ.ആർ.എച്ച്.എം.

23. ഡോ. കെ. സന്ദീപ്, സീനിയർ കൺസൾട്ടന്റ്, എൻ.ആർ.എച്ച്.എം.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി XVIII, XIX, XXX എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ വിവിധ ഹെഡ്ഡുകൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

## ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ആരോഗ്യ വകുപ്പിന്റെ ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്ററിന്റെ രണ്ടുമുറിയുള്ള കെട്ടിടത്തിലാണ് നിലവിൽ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് പ്രവർത്തിക്കുന്നതെന്നും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിനായി 70 സെന്റ് സ്ഥലം സർക്കാർ നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്ത് ഡയറക്ടറേറ്റിന് ആസ്ഥാനമന്ദിരം പണിയുന്നതിന് 7 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഫുഡ് സേഫ്റ്റി കമ്മീഷണർ-ഇൻ-ചാർജ് സമിതിയെ അറിയിച്ചു. ഭക്ഷ്യവ്യാപാരികൾക്കും ഭക്ഷ്യോല്പാദകർക്കും ഓൺലൈൻ ലൈസൻസിംഗ്/രജിസ്ട്രേഷൻ നടത്തുന്നതിനായി കമ്പ്യൂട്ടറൈസേഷനും പേയ്മെന്റ് ഗേറ്റ്വേ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ എല്ലാ ഫുഡ് സേഫ്റ്റി ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 25 ലക്ഷം രൂപ ആവശ്യമാണെന്നും തുടർന്നറിയിച്ചു. സംസ്ഥാനത്ത് നിലവിൽ 3 ഫുഡ് ടെസ്റ്റിംഗ് ലാബുകളാണുള്ളതെന്നും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം പ്രസ്തുത ലാബുകൾക്ക് NABL-ന്റെ അക്രഡിറ്റേഷൻ ലഭിക്കേണ്ടതുണ്ടെന്നും അക്രഡിറ്റേഷൻ ലഭ്യമാകുന്ന

തലത്തിലേക്ക് പ്രസ്തുത ലാബുകളുടെ നിലവാരം ഉയർത്തുന്നതിന് 10 കോടി രൂപ അടിയന്തരമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൂടാതെ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി മൂന്ന് മൊബൈൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് 10 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. 57 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ തസ്തികകൾ അധികമായി അനുവദിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന 32 ഫുഡ് ഇൻസ്പെക്ടർ തസ്തികകൾ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലേക്ക് മാറ്റുകയും ചെയ്തുകൊണ്ട് മന്ത്രിസഭാ തീരുമാനമുണ്ടാകുകയും അതിൻപ്രകാരം തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ഓരോ ഓഫീസുകൾ ആരംഭിക്കേണ്ടതുണ്ടെന്നും അതിനായി നിലവിലുള്ളതു കൂടാതെ 85 ഓഫീസുകൾകൂടി ആരംഭിക്കേണ്ടതുണ്ടെന്നും അവയ്ക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് 5 കോടി രൂപയും ഫുഡ് സേഫ്റ്റി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് വാഹന സൗകര്യം ഒരുക്കുന്നതിന് 60 ലക്ഷം രൂപയും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം അഡ്ജൂഡിക്കേറ്റിംഗ് ഓഫീസർ, പ്രസന്റിംഗ് ഓഫീസർ എന്നിവരെ നിയമിക്കുന്നതിനും അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും അവയ്ക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും 10 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ 3 ചീഫ് ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ തസ്തികകൾ ഡെപ്യൂട്ടി കമ്മീഷണറായി ഉയർത്തേണ്ടതുണ്ടെന്നും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൽ ഡെപ്യൂട്ടി ഫുഡ് സേഫ്റ്റി കമ്മീഷണറുടെ രണ്ട് തസ്തികകൾ അനുവദിക്കേണ്ടതുണ്ടെന്നും ഇക്കാര്യങ്ങൾക്കായി 50 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുടർന്നറിയിച്ചു. മായം ചേർക്കൽ നിരോധന നിയമം നിലവിലുണ്ടായിരുന്നപ്പോൾ ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യം, ഡയറി ഡെവലപ്മെന്റ്, സിവിൽ സപ്ലൈസ്, അനിമൽ ഹസ്ബെന്ററി എന്നീ വകുപ്പുകളും ചെയ്തിരുന്ന ജോലികൾ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് ഒറ്റയ്ക്ക് ചെയ്യേണ്ട സ്ഥിതിയാണുള്ളതെന്നും പുതുതായി പ്രവർത്തനം ആരംഭിച്ച ഓഫീസ് എന്ന നിലയ്ക്ക് അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മേൽപ്പറഞ്ഞ തുകകൾ ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഫുഡ് സേഫ്റ്റി കമ്മീഷണർ-ഇൻ-ചാർജ് സമിതിയെ അറിയിച്ചു. ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിലവിലെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്യണമെന്ന് കമ്മീഷണർ-ഇൻ-ചാർജ് ആവശ്യപ്പെടുകയും ചെയ്തു.

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം 12 ലക്ഷത്തിനുതാഴെ വിറ്റുവരവുള്ള സ്ഥാപനങ്ങൾ രജിസ്ട്രേഷനും 12 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ള സ്ഥാപനങ്ങൾ ലൈസൻസും എടുക്കേണ്ടതുണ്ടെന്നും കമ്മീഷണർ-ഇൻ-ചാർജ് അറിയിച്ചു. ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ കച്ചവടക്കാരുടെ കൂട്ടായ്മ സംഘടിപ്പിക്കുകയും അത്തരം സമ്മേളനങ്ങളിൽ വച്ച് വ്യാപാരി വ്യവസായികളുടെ സഹകരണത്തോടെ അവർക്ക് രജിസ്ട്രേഷനും ലൈസൻസും നൽകിവരുന്നുണ്ടെന്നും നിലവിൽ 24186 ലൈസൻസുകളും 139094

രജിസ്ട്രേഷനും നൽകിയിട്ടുണ്ടെന്നും അതുവഴി 11.5 കോടി രൂപ സംസ്ഥാനത്തിന്റെ ഖജനാവിൽ ചേർക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും കമ്മീഷണർ-ഇൻ-ചാർജ് അറിയിച്ചു.

തുടർന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് പുതിയ കെട്ടിടം പണിയുന്നതിനും ഭക്ഷ്യ വ്യാപാരികൾക്കായുള്ള ഓൺലൈൻ ലൈസൻസിംഗ്/രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ സിസ്റ്റം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്കും ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും കൂടാതെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവൽക്കരണം നൽകുന്നതിനും കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും ആവശ്യമായ വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഫുഡ് ഇൻസ്പെക്ടർമാർക്ക് ആഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിനും 2210-06-102-99—എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2,48,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൂടാതെ എല്ലാ ജില്ലകളിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കൽ, നിലവിലുള്ള മൂന്ന് ലബോറട്ടറികൾക്ക് National Acreditation Board for Testing and Caliberating Laboratories (NABL)—ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കൽ, എല്ലാ ജില്ലകളിലും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള മൊബൈൽ ലബോറട്ടറിയും വിജിലൻസ് സംവിധാനവും ഏർപ്പെടുത്തൽ, എന്നിവയ്ക്കായി 2210-06-107-98—എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 235 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

2008-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവർത്തനമാരംഭിച്ചതു മുതൽ ടി സ്ഥാപനത്തിന് ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയും ചെലവാകുന്ന തുകയും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടെന്നും 2008-09-ൽ 129.66 കോടി രൂപയായിരുന്നു ബഡ്ജറ്റ് വിഹിതമെന്നും 34 കോടി രൂപ കൂടി അപ്രോപ്രിയേറ്റ് ചെയ്തുവെങ്കിലും 95 കോടി രൂപയാണ് റിലീസ് ചെയ്തതെന്നും എന്നാൽ ആ വർഷം 141 കോടി രൂപയ്ക്കാണ് പർച്ചേസ് ചെയ്തതെന്നും കെ.എം.എസ്.സി. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇതേ രീതിയിൽ 2008 മുതൽ 2012 വരെയുള്ള കാലയളവിൽ ആകെ 235.33 കോടി രൂപയുടെ വ്യത്യാസം വന്നുവെന്നും കഴിഞ്ഞ വർഷം 200 കോടി രൂപ അനുവദിച്ചപ്പോൾ പർച്ചേസ് നടത്തിയത് 302 കോടി രൂപയ്ക്കാണെന്നും തുടർന്ന് അറിയിച്ചു. അധികമായി ആവശ്യം വരുന്ന തുക എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് സമിതി ആരാഞ്ഞതിന് കോർപ്പറേഷന് യഥാസമയം മരുന്നുകൾ വിതരണം ചെയ്യാത്ത മരുന്നു കമ്പനികളിൽനിന്നും മൊത്തം തുകയുടെ 10% വരെ എൽ. ഡി. ചാർജസ് (ലേറ്റ് ഡെലിവറി ചാർജസ്) എന്ന ഇനത്തിൽ ഈടാക്കാറുണ്ടെന്നും അതിനുപുറമേ ഒരു വർഷം ഉപകരണങ്ങൾ വാങ്ങുന്നതിനായി അനുവദിക്കുന്ന തുക ചിലപ്പോൾ അടുത്ത വർഷത്തേക്കായിരിക്കും ആവശ്യമായി വരുന്നതെന്നും അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത തുക മരുന്നുകൾ വാങ്ങുന്നതിനായി വിനിയോഗിക്കുകയും അടുത്ത വർഷം ആ തുക കണ്ടെത്തുന്നതിനാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നാളിതുവരെ 86 തസ്തികകൾ മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ടി സ്ഥാപനത്തിൽ 319 പേർ കരാർ വ്യവസ്ഥയിലും 135 പേർ ദിവസവേതനാടിസ്ഥാനത്തിലുമാണ് ജോലി ചെയ്യുന്നതെന്നും നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന് ബഹു. മുഖ്യമന്ത്രി അക്കാര്യം അവലോകനം ചെയ്തതിനെ തുടർന്ന് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി ധനകാര്യം, പി ആന്റ് എ.ആർ.ഡി., ആരോഗ്യം എന്നീ വകുപ്പു സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ടി കമ്മിറ്റി രണ്ടാഴ്ച മുമ്പ് യോഗം ചേരുകയും തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലിന് അന്തിമ രൂപം നൽകിയിട്ടുണ്ടെന്നും ആയതിന് സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ടെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. കാരുണ്യപോലുള്ള സ്ഥാപനങ്ങൾ മുഖേന മുഴുവൻ മരുന്നുകളും സൗജന്യമായി നൽകാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നതിനാൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഉത്തരവാദിത്വം വർദ്ധിച്ചിരിക്കുകയാണെന്നും നിലവിലുള്ള ജീവനക്കാരെക്കൊണ്ടുമാത്രം കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി തുടർന്ന് അറിയിച്ചു.

ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളെ എസൻഷ്യൽ ഡ്രഗ് ലിസ്റ്റ് (EDL), റാഷണൽ ഡ്രഗ് ലിസ്റ്റ് (RDL), ആന്റി കാൻസർ മരുന്നുകൾ എന്നിങ്ങനെ മൂന്ന് ലിസ്റ്റുകളായി തിരിച്ചിട്ടുണ്ടെന്നും ഇ.ഡി.എൽ. ലിസ്റ്റ് ഒരു സ്ഥിരം ലിസ്റ്റാണെന്നും നിലവിൽ 900-ൽപ്പരം മരുന്നുകളെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇവ അത്യാവശ്യമുള്ള മരുന്നുകളാണെന്നും ഇവ ഇല്ലാതെ ആശുപത്രികൾക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എന്നാൽ എല്ലാ രോഗങ്ങൾക്കുമുള്ള മരുന്നുകൾ അവയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ രോഗികൾക്ക് രോഗം മൂർച്ഛിക്കുന്ന അവസ്ഥയിലും കുറച്ചുകൂടി നല്ല ചികിത്സ ആവശ്യമായി വരുന്ന അവസ്ഥയിലും മരുന്നുകൾ പുറത്തുനിന്നും വാങ്ങുന്നതിന് ഡോക്ടർമാർ പ്രിസ്ക്രിപ്ഷൻ എഴുതി നൽകാറുണ്ടെന്നും ഇതു സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായതിനെ തുടർന്ന് രണ്ട് വർഷത്തിനകം ആശുപത്രിയിൽ ആവശ്യമായ എല്ലാ മരുന്നുകളും ഇൻപേഷ്യൻസിനും ഔട്ട് പേഷ്യൻസിനും സൗജന്യമായി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെന്നും ഇതിനായി  റാഷണൽ പ്രിസ്ക്രിപ്ഷൻ പ്രാക്ടീഷണേഴ്സ് എന്ന കമ്മിറ്റിക്ക് രൂപം നൽകുകയും അവരോട് എല്ലാ രോഗങ്ങൾക്കുമുള്ള മരുന്നുകൾ ഉൾപ്പെടുന്ന ഒരു ലിസ്റ്റ് തയ്യാറാക്കുവാൻ ആവശ്യപ്പെട്ടതിൻപ്രകാരം തയ്യാറാക്കിയ അഡീഷണൽ ലിസ്റ്റാണ് ആർ.ഡി.എൽ. എന്നും അത് ഒരു സ്ഥിരം ലിസ്റ്റല്ലെന്നും അതിലെ മരുന്നുകൾ മാറിക്കൊണ്ടിരിക്കുമെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. 107ഓളം ആന്റികാൻസറിനുള്ള മരുന്നുകളുണ്ടെങ്കിലും അവ ജനറിക് മരുന്നുകൾ അല്ലാത്തതിനാൽ നിലവിൽ അവ വിതരണം ചെയ്യുന്നില്ലെന്നും അത്തരം വിലകൂടിയ മരുന്നുകൾ അടുത്ത ഘട്ടത്തിൽ വിതരണം ചെയ്യുവാൻ ആലോചിക്കുന്നുണ്ടെന്നും ചെയർമാൻ അറിയിച്ചു.

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുകൾ വിതരണം ചെയ്യുവാൻ തുടങ്ങിയതോടുകൂടി മരുന്നുകളുടെ വിലയിൽ ശരാശരി 40% വരെയും ചില മരുന്നുകൾക്ക് 90% വരെയും വിലക്കുറവുണ്ടായിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. മരുന്നുകൾ സൂക്ഷിക്കുന്നതിന് വേണ്ടത്ര വെയർഹൗസുകൾ ഇല്ലായെന്നതാണ്

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമെന്നും ജനറിക് മരുന്നുകൾ സൗജന്യമായി നൽകാൻ തുടങ്ങിയതു മുതലാണ് വെയർഹൗസുകൾ വാടകയ്ക്കെടുത്തു തുടങ്ങിയതെന്നും, വെയർ ഹൗസുകളുടെ വാടകയിനത്തിൽ പ്രതിവർഷം നല്ലൊരു തുക കോർപ്പറേഷന് ചെലവാകുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് സ്വന്തമായി വെയർ ഹൗസുകൾ നിർമ്മിക്കുന്ന തിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുവാൻ സമിതി ചെയർമാൻ നിർദ്ദേശിച്ചു.

ആശുപത്രികൾ ആവശ്യപ്പെടുന്ന അളവിൽ യഥാസമയം ജീവൻരക്ഷാമരുന്നുകൾ വിതരണം ചെയ്യുന്നതിനും സംഭരിക്കുന്നതിനും 2210-06-107-98 എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 285 കോടി രൂപ അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നിലവിൽ തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ മാത്രമാണ് 108 ആംബുലൻസിന്റെ സേവനം ഉള്ളതെന്നും ആയത് ഈ വർഷം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണെന്നും ചെയർമാൻ അറിയിച്ചു.

വിതരണംചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരത്തിൽ വീഴ്ച വരുത്തിയ നാല് കമ്പനികളെ ഡ്രഗ്സ് കൺട്രോൾ വിഭാഗം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതു സംബന്ധിച്ച വിശദാംശങ്ങളും ഡ്രഗ്സ് കൺട്രോൾ വിഭാഗം നടത്തിയ റെയ്ഡിന്റെ വിശദാംശങ്ങളും, ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. തിരുവനന്തപുരം ഡ്രഗ്സ് കൺട്രോൾ ലാബ് സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

## സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ)

ഹോംകോയുടെ രണ്ടാം ഘട്ട വികസനത്തിനായി വാങ്ങിയ വസ്തുവിൽ നിന്ന് ദേശീയപാത വികസനത്തിന് സ്ഥലം എടുത്തിരിക്കുന്നതിനാൽ പ്രവർത്തനങ്ങൾ തടസ്സ പ്പെട്ടിരിക്കുകയാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമില്ലെന്ന് ഹോംകോ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

## കേരള ആരോഗ്യ സർവ്വകലാശാല

കേരള ആരോഗ്യ സർവ്വകലാശാലയിൽ കേന്ദ്രീകൃത ഗവേഷണ സൗകര്യത്തിന് 4 കോടി രൂപയും അക്കാദമിക് സ്റ്റാഫ് കോളേജുകളും മറ്റ് അനുബന്ധ ഹോസ്റ്റലിനുമായി 6 കോടി രൂപയും പാരമ്പര്യ ഇതര ഊർജ്ജ-ജലസംഭരണ പദ്ധതിക്കായി 5 കോടി രൂപയും ഉൾപ്പെടെ 15 കോടി രൂപ അടിയന്തരമായി ആവശ്യമുണ്ടെന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ സമിതിക്ക് ലഭ്യമാക്കിയ കുറിപ്പിൽ അധികതുക ആവശ്യമില്ലെന്നാണ് കൊടുത്തിരിക്കുന്നത് എന്ന വിവരം സമിതി ചൂണ്ടിക്കാണിക്കുകയും ഇത്തരത്തിൽ നിരുത്തരവാദപരമായ കുറിപ്പ് സമിതിക്ക് ലഭ്യമാക്കാനിടയായ സാഹചര്യം പരിശോധിക്കാൻ സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ 239 സ്ഥാപനങ്ങളും 48000 വിദ്യാർത്ഥികളും ഉണ്ടെങ്കിലും സ്റ്റാഫുകളുടെ എണ്ണം വളരെ പരിമിതമാണെന്നും അതിനാൽ ആരോഗ്യ സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ തുക അനുവദിക്കേണ്ടതുണ്ടെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

കേന്ദ്രീകൃത ഗവേഷണ സൗകര്യത്തിനായും അക്കാദമിക് സ്റ്റാഫ് കോളേജുകളും മറ്റ് അനുബന്ധ ഹോസ്റ്റലിനും പാരമ്പര്യ ഇതര ഊർജ്ജ ഉൽപ്പാദന ജലസംഭരണ പദ്ധതി എന്നിവയ്ക്കായി 2210-05-001-93 എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ഔഷധി**

ഔഷധി ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും എല്ലാ വർഷവും സർക്കാരിന് ഡിവിഡന്റ് കൊടുക്കുന്നുണ്ടെന്നും കഴിഞ്ഞ വർഷം 1 കോടി രൂപ ലാഭവിഹിതമായി സർക്കാരിന് കൊടുത്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വർഷം ഉല്പാദനം 40% വർദ്ധിച്ചിട്ടുണ്ടെന്നും നടപ്പുവർഷം 67 കോടി രൂപയുടെ വിറ്റുവരവും അടുത്ത വർഷം 100 കോടി രൂപയുടെ വിറ്റുവരവുമാണ് ലക്ഷ്യമിടുന്ന തെന്നും അധിക തുക ആവശ്യമില്ലെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്**

സംസ്ഥാനത്ത് ഡയബറ്റീസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുക യാണെന്നും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് കൂടുതൽ തുക വേണ്ടിവരുമെന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് ഡയറക്ടർ സമിതിയെ അറിയിച്ചു. സ്കൂൾ കുട്ടികളിൽപ്പോലും ഡയബറ്റീസ് കണ്ടുവരുന്ന സാഹചര്യത്തിൽ മുപ്പത് വയസ്സിനുമുകളിലുള്ളവരുടെ ഇടയിൽ നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ സ്കൂൾ കുട്ടികളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്ന് സമിതി അഭിപ്രായപ്പെട്ടു. കുട്ടികളിൽ കായികക്ഷമത കുറയുന്നതുമൂലമാണ് ഡയബറ്റീസ് കണ്ടുവരുന്നതെന്നും അത് മാറ്റിയെടുക്കുന്നതിനായി കുട്ടികളിലെ ഡയബറ്റീസ് നിരക്ക് പ്രസിദ്ധപ്പെടുത്തേണ്ടതും കായികവിദ്യാഭ്യാസം നിർബന്ധമാക്കേണ്ടതു ണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ടൈപ്പ് 1 ഡയബറ്റീസുള്ള എല്ലാ കുട്ടികളേയും കണ്ടെത്തുന്നതിനും അധ്യാപകർക്കും മാതാപിതാക്കൾക്കും പരിശീലനം നൽകുന്നതിനും, കുട്ടികൾക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രോജക്ട് എൻ.ആർ.ഇ.ജി.പി. (National Rural Employment Guarantee Programme)-യുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ടെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം എല്ലാ സ്കൂളുകളിലും ഒരു കായികാധ്യാപകൻ ഉണ്ടായിരിക്കേണ്ടതാണെന്നും കുട്ടികളെ നിർബന്ധമായും ഒരു മണിക്കൂറെങ്കിലും വ്യായാമം ചെയ്യിപ്പിക്കുവാൻ നിർദ്ദേശം നൽകണമെന്നും ആയത് എസ്.എസ്.എ.-യുമായി ചേർന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡയബറ്റീസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ക്യാംപയ്നുകൾ നടത്തുന്നതിനുള്ള വർദ്ധിച്ച ചെലവ് കണക്കിലെടുക്കുമ്പോൾ 2210-01-200-93 എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## റേഡിയേഷൻ സേഫ്റ്റി വകുപ്പ്

സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള എല്ലാ ആശുപത്രികളിലെയും ഡയഗ്നോസ്റ്റിക് സെന്ററുകളിലേയും എക്സ്റേ, സ്കാനിംഗ് യൂണിറ്റുകൾ, മറ്റ് റേഡിയേഷൻ ഉപകരണങ്ങൾ എന്നിവ പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുകയും അനുബന്ധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന റേഡിയേഷൻ സേഫ്റ്റി വകുപ്പിന് എക്സ്റേ-സ്കാൻ യൂണിറ്റുകളിൽ പരിശോധന നടത്തുന്നതിനും ക്വാളിറ്റി അഷ്വറൻസ് ടെസ്റ്റുകൾ നടത്തുന്നതിനും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുമുള്ള ഓഫീസ് ചെലവുകൾക്കും വാഹനവും അനുബന്ധചെലവുകൾക്കും, ഓഫീസ് സാമഗ്രികൾ, പുതിയ ഉപകരണങ്ങൾ, ലൈബ്രറി നിർമ്മാണം, വെബ്സൈറ്റ് നവീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി 2210-05-105-37 എന്ന ശീർഷകത്തിൽ 9.3 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി

സംസ്ഥാനത്ത് സ്വകാര്യ മാനസികാരോഗ്യകേന്ദ്രങ്ങൾക്ക് ലൈസൻസിംഗ് നടപ്പിലാക്കി വരുന്നുണ്ടെന്നും 195 സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും മനോരോഗ ചികിത്സാരംഗത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ മാനസികാരോഗ്യനയം പരിഷ്ക്കരിച്ച് സർക്കാരിന്റെ അംഗീകാര ത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ജില്ലാ ആശുപത്രികളിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളും എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും പോയി മനോരോഗചികിത്സ നൽകുന്ന ഒരു സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടെന്ന് ചെയർമാൻ അറിയിച്ചു. ഇടുക്കി പോലുള്ള ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ സൈക്യാട്രിക് വിഭാഗത്തിലും അനസ്തേഷ്യാ വിഭാഗത്തിലും ഡോക്ടർമാരില്ലാത്തതുമൂലം രോഗികൾ വളരെയേറെ ബുദ്ധിമുട്ടുകയാണെന്ന് അഭിപ്രായപ്പെട്ട സമിതി ഉന്നതതല യോഗം ചേർന്ന് ഇതിന് പരിഹാരം കാണണമെന്നും, ഇടുക്കി ജില്ലയിലെ ആശുപത്രികളിൽ അനസ്തേഷ്യാ, സൈക്യാട്രി വിഭാഗങ്ങളിലെ ഡോക്ടർമാരെ നിയമിക്കണമെന്നും നിർദ്ദേശിച്ചു.

സമിതിയുടെ അടുത്ത യോഗം മേയ് 9-ാം തീയതി തിരുവനന്തപുരത്തുവച്ച് ചേരുവാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.30-ന് സമിതി യോഗം പിരിഞ്ഞു.

## 2013 മേയ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII 2013 മേയ് 9-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ `V-A` കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,,
3. ശ്രീമതി ഇ. എസ്. ബിജിമോൾ ,,
4. ശ്രീ. കെ. ദാസൻ ,,
5. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ,,
6. ശ്രീ. റോഷി അഗസ്റ്റിൻ ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി

2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XVIII, XIX, XX, XXX എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് തയ്യാറാക്കിയ കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിലെ 3-ാമത് ഖണ്ഡികയ്ക്കുശേഷം 4-ാമത് ഖണ്ഡികയായി താഴെപ്പറയുന്നത് ഉൾപ്പെടുത്തുവാൻ സമിതി തീരുമാനിച്ചു:

"അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ പോഷകാഹാര പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രത്യേക തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു."

കരട് റിപ്പോർട്ടിലെ 16-ാം ഖണ്ഡികയ്ക്കുശേഷം അടുത്ത ഖണ്ഡികയായി താഴെപ്പറയുന്നത് ഉൾപ്പെടുത്തുവാൻ സമിതി തീരുമാനിച്ചു:

"ഒരു ബ്ലോക്കിൽ ഒന്നിൽക്കൂടുതൽ സി.എച്ച്.സി.-കളോ, പി.എച്ച്.സി.-കളോ ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിനും പ്രത്യേകം ഗ്രാന്റ് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു."

ഉച്ചയ്ക്ക് 12.00 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2013 ജൂലൈ 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XII 2013 ജൂലൈ 8-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 12.40-ന്നിയമസഭാ കോംപ്ലക്സിലെ`V ഡി` കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി, എം.എൽ.എ.
2. ശ്രീമതി പി. അയിഷാ പോറ്റി, എം.എൽ.എ.
3. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.
4. ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.
5. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
6. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ.
7. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഗോഡ്ഫ്രീ, ഡി. ഡി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.
2. ഡോ. പി. കെ. ജമീല, ഡയറക്ടർ, ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ട്മെന്റ്.
3. ഡോ. വി. ഗീത, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.
4. ഡോ. റ്റി. ശിവദാസ്, ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്.
5. ഡോ. അനിതാ ജേക്കബ്, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ.
6. ഡോ. കെ. ജമുന, ഡയറക്ടർ, ഹോമിയോ.
7. ഡോ. പോൾ സെബാസ്റ്റ്യൻ, ഡയറക്ടർ, ആർ.സി.സി.
8. ഡോ. വേലായുധൻ, ജോയിന്റ് ഡയറക്ടർ, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി.

9. ശ്രീ. ആർ. കമലാഹർ, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്തു:

(1) 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 3046/സബ്.സി.എഫ്2/12/ലെജി.)

രണ്ടാമത് റിപ്പോർട്ടിലെ 10, 11, 12, 14, 15, 16, 20, 24, 25 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് ആരോഗ്യവകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ ശേഷിക്കുന്ന ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും അവ രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിക്കുകയും ചെയ്തു. ഓരോ സാമ്പത്തികവർഷത്തേയും ധനാഭ്യർത്ഥനകൾ സമിതി വിശദമായി ചർച്ച ചെയ്തതിനുശേഷമാണ് അധികതുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതെങ്കിലും അവ സംബന്ധിച്ച് ലഭ്യമാക്കുന്ന നടപടി സ്റ്റേറ്റുമെന്റുകളിൽ മിക്കവാറും തുക അനുവദിച്ചിട്ടില്ല എന്നാണ് രേഖപ്പെടുത്തിക്കാണുന്നത് എന്നത് ഗൗരവമായി കാണേണ്ട വിഷയമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് പ്രസ്തുത വിഷയം ധനകാര്യ മന്ത്രിയുമായി ചർച്ചചെയ്യാമെന്ന് ചെയർമാൻ അറിയിച്ചു.

(2) 2008-2009 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തതു സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്

(ഫയൽ നമ്പർ 11786/സബ്.സി.എഫ്2/11/ലെജി.)

മേൽപ്പറഞ്ഞ റിപ്പോർട്ടിലെ 70-96, 98, 99, 102-104, 106, 107 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് നാലുവർഷത്തിനു ശേഷവും ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. ആരോഗ്യവകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുന്നതിന് വീഴ്ച വന്നിട്ടുണ്ടെന്നും ഈ ഫയലുമായി ബന്ധപ്പെട്ട രേഖകളൊന്നുംതന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, നിയമസഭാ സെക്രട്ടേറിയറ്റിന്റെ സഹായത്തോടെ അവ സംഘടിപ്പിച്ച് ആറ് മാസത്തിനുള്ളിൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

(3) 2009-2010 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്

(ഫയൽ നമ്പർ 11792/സബ്.സി.എഫ്2/2011/ലെജി.)

മേൽപ്പറഞ്ഞ റിപ്പോർട്ടിലെ 92-102, 104, 106-112, 114-129, 133-138 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് മൂന്ന് വർഷം കഴിഞ്ഞിട്ടും ലഭ്യമാക്കാത്തതു സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ആയത് സമിതിയുടെ പരിഗണനയ്ക്കായി എത്രയുംവേഗം ലഭ്യമാക്കുന്നതാണെന്ന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

(4) കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസ് (ടീച്ചിംഗ്)സ്പെഷ്യൽ റൂൾസിന്റെ കരട് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതുസംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്

(ഫയൽ നമ്പർ 11784/സബ്.സി.എഫ്2/2011/ലെജി.)

നിരവധി തവണ കത്തിടപാടുകൾ നടത്തിയിട്ടും കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസ് (ടീച്ചിംഗ്) സ്പെഷ്യൽ റൂൾസിന്റെ കരട് സമിതിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനുള്ള കാരണം സംബന്ധിച്ച് സമിതി വിശദീകരണം ആരായുകയുണ്ടായി. നിലവിൽ ഡന്റൽ എഡ്യൂക്കേഷൻ ഫാക്കൽറ്റി സംബന്ധിച്ച സ്പെഷ്യൽ റൂൾസ് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളതെന്നും, പാരാമെഡിക്കൽ, ഫാർമസി, നഴ്സിംഗ് എന്നിവ ഉൾപ്പെടെയുള്ള മറ്റ് ഫാക്കൽറ്റികൾക്ക് എക്സിക്യൂട്ടീവ് ഓർഡർ മാത്രമാണ് നിലവിലുള്ളതെന്നും, അവയ്ക്കായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടെന്നും ഒരാഴ്ചക്കുള്ളിൽ കരട് റൂൾസ് തയ്യാറാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കരട് റൂൾസ് ലഭിച്ചുകഴിഞ്ഞാൽ ആയത് നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് അയച്ചശേഷം എത്രയുംവേഗം സമിതിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതാണെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

(5) '2008-ലെ കേരള ജനറൽ സർവ്വീസസ് (ഭേദഗതി) ചട്ടം' സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതിക്കുള്ള കുറിപ്പ്

(ഫയൽ നമ്പർ 11788/സബ്.സി.എഫ്2/2011/ലെജി.)

മേൽപ്പറഞ്ഞ ചട്ടത്തിന്റെ കരട് സാങ്കേതികമായ പൂർണ്ണതയോടുകൂടി സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകളയച്ചിട്ടും ആയത് ലഭ്യമാക്കാത്തതിനുള്ള കാരണം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത ചട്ടം തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ ആയത് ഒന്നുകൂടി പുനഃപരിശോധി ക്കേണ്ടതുണ്ടെന്നും അതിനുശേഷമേ നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കുവാൻ സാധിക്കുകയുള്ളൂവെന്നും, പ്രസ്തുത ചട്ടത്തിന്റെ കരടും കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവ്വീസസ് സ്പെഷ്യൽ റൂൾസിന്റെ കരടും മൂന്ന് മാസത്തിനുള്ളിൽ സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

(6) 1-4-2012 മുതൽ 31-3-2013 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ആയത് 9-7-2013-ൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 816/സബ്.സി.എഫ്2/2013/ലെജി.)

(7) സമിതിയുടെ 2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ആയത് 9-7-2013-ൽ സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2471/സബ്.സി.എഫ്2/2013/ലെജി.)

സമിതിയുടെ അടുത്ത യോഗം 2013 ആഗസ്റ്റ് 20-ാം തീയതി രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിൽ വച്ച് ചേരുന്നതിനും, ആഗസ്റ്റ് 26-ാം തീയതി ഷൊർണ്ണൂരിലുള്ള 'ഐക്കോൺസ്' (ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ന്യൂറോസയൻസ്) സന്ദർശിക്കുന്നതിനും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 1.45 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2013-നവംബർ 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ഒരു യോഗം 2013 നവംബർ 13 ബുധനാഴ്ച ഉച്ചയ്ക്കു ശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ VA സമ്മേളന ഹാളിൽ സമിതി ചെയർമാൻ ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായി:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എ. എ. അസീസ്, എം.എൽ.എ.
2. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.
3. ശ്രീ. എ. റ്റി. ജോർജ്, എം.എൽ.എ.
4. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, എം.എൽ.എ.
5. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. കെ. ഇളങ്കോവൻ, സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
2. ശ്രീ. കെ. സുദർശൻ, അഡീഷണൽ സെക്രട്ടറി, ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ്
3. ഡോ. എൻ. ശ്രീധർ, അഡീഷണൽ ഡി.എച്ച്.എസ്.
4. ഡോ. എസ്. സുനിജ, ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ലബോറട്ടറി
5. ശ്രീ. കെ. അനിൽകുമാർ, ജോയിന്റ് കമ്മീഷണർ, ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്
6. ശ്രീ. ജി. ഗോപകുമാർ, ടെക്നിക്കൽ അസിസ്റ്റന്റ്, കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി വകുപ്പ്
6. ശ്രീ. രവി എസ്. മേനോൻ, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം
8. ശ്രീ. എം. ആർ. പ്രദീപ്, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

'ലബോറട്ടറികളുടെ ശാക്തീകരണം' (സർക്കാർ അനലിസ്റ്റ് ലബോറട്ടറി, പബ്ലിക് ഹെൽത്ത് ലബോറട്ടറി, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി) എന്ന വിഷയം സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുമുണ്ടായി.

കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235(എ) പ്രകാരം ചേരുന്ന യോഗമാണിതെന്നും അപ്രകാരം ചട്ടം 235(1)-ൽ 5(എ)-യെ പരാമർശിക്കുന്ന സംസ്ഥാനത്തെ പഞ്ചവത്സര പദ്ധതികളിൽപ്പെടുന്ന 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയമാണ് സമിതി ഇന്ന് ചർച്ചചെയ്യുന്നതെന്നും ചർച്ച ചെയ്തശേഷം ചട്ടം 239(3) പ്രകാരം ചർച്ചയുടെ ഒരു സംക്ഷിപ്തം സഭയിൽ സമർപ്പിക്കേണ്ടതും അതിന്റെ പകർപ്പ് മുഖ്യമന്ത്രിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്നശേഷം ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നുണ്ടെന്നും ആരോഗ്യ പരിപാലന രംഗത്ത് വളരെയധികം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതെന്നും ഭക്ഷ്യധാന്യങ്ങളിലെയും പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും മായംചേർക്കൽമൂലവും കീടനാശിനി പ്രയോഗംമൂലവും കാൻസർ പോലുള്ള രോഗങ്ങൾ നമ്മുടെ നാട്ടിൽ വർദ്ധിച്ചു വരികയാണെന്നും കാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനും ജനങ്ങളുടെ ഇടയിൽ അവബോധം വളർത്തുന്നതിനും 2013 ഡിസംബർ 1 മുതൽ ഒരു മാസക്കാലത്തേക്ക് ആരോഗ്യവകുപ്പ് ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിക്കുകയുണ്ടായി.

ഭക്ഷ്യസാമ്പിളുകൾ പിടിച്ചെടുത്താൽ ടെസ്റ്റ് ചെയ്ത് റിസൾട്ട് വരാൻ എത്ര സമയമെടുക്കും എന്ന ചെയർമാന്റെ ചോദ്യത്തിന് സ്റ്റാറ്റ്യൂട്ടറി സാമ്പിളാണെങ്കിൽ 14 ദിവസത്തിനകം റിപ്പോർട്ട് അതാത് ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് അയച്ചുകൊടുക്കണമെന്നാണ് വ്യവസ്ഥയെന്നും ലാബ് സംവിധാനത്തിന്റെ

അപര്യാപ്തതകൊണ്ട് പലപ്പോഴും അത് സാധിക്കാറില്ലെന്നും 14 ദിവസത്തിൽ കൂടുതൽ വേണമെങ്കിൽ അതാത് ഫുഡ് അനലിസ്റ്റുമാരെ അറിയിച്ചാൽ ദിവസം നീട്ടിക്കൊടുക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ടെന്നും 14 ദിവസം മുതൽ 300 ദിവസം വരെയുള്ള റിപ്പോർട്ടുകളും കിട്ടാനുള്ള കാലതാമസവും പലപ്പോഴും ഉണ്ടായിട്ടുണ്ടെന്നും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. ലാബ് സൗകര്യങ്ങളുടെ അപര്യാപ്തതമൂലമാണ് മായംചേർന്ന സാധനങ്ങൾ പിടിച്ചെടുത്ത് പരിശോധനയ്ക്ക് അയച്ചാൽ മാസങ്ങൾ കഴിഞ്ഞാലും പരിശോധനാഫലം ലഭ്യമാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ലാബും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ കീഴിലുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

തമിഴ്നാട് ഉൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾവഴി വരുന്ന സാധനങ്ങൾ പിടിച്ചെടുത്ത് പരിശോധിക്കുന്നതിന് ഇപ്പോൾ സംവിധാനമില്ലെന്നും അതിനായി മൂന്ന് പുതിയ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ വാങ്ങുന്നതിനുള്ള നടപടികളായിട്ടുണ്ടെന്നും അത് ലഭിച്ചുകഴിഞ്ഞാൽ ചെക്ക് പോസ്റ്റുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്നവ അപ്പോൾത്തന്നെ പരിശോധിക്കാൻ സാധിക്കുമെന്നും ചെയർമാൻ അറിയിച്ചു. ഫുഡ് സേഫ്റ്റിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ടെന്ന് ചെയർമാൻ അറിയിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുകൊണ്ടു വരുന്ന പാൽ, എണ്ണ തുടങ്ങിയവ കേരളത്തിലെ ചെക്ക് പോസ്റ്റുകളിൽ വച്ച് ഉടൻതന്നെ പരിശോധിക്കുന്നതിനും ഭക്ഷ്യ വിഷബാധയുണ്ടാകുകയാണെങ്കിൽ സ്പോട്ട് ടെസ്റ്റ് നടത്തുന്നതിനും ആവശ്യമായ മൊബൈൽ ലബോറട്ടറികൾ എല്ലാ ജില്ലകളിലും തുടങ്ങുന്നതിന് 12 കോടി രൂപ അനുവദിക്കുവാൻ ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരളത്തിലേക്ക് കൊണ്ടുവരുന്ന പച്ചക്കറി, ഫലവർഗ്ഗങ്ങൾ എന്നിവയിലെ കീടനാശിനികളുടെ സാന്നിദ്ധ്യം, പാലിലെ ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം, മാംസാഹാരസാധനങ്ങളിലെ ഹോർമോണിന്റെ സാന്നിദ്ധ്യം എന്നിവ കണ്ടുപിടിക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ സർക്കാർ അനലിറ്റിക്കൽ ലാബുകളിൽ ലഭ്യമാക്കുന്നതിന് 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട എന്നീ ജില്ലകളിലായി നാല് ലാബുകളാണ് നിലവിൽ ഉള്ളതെന്നും ഇവകൂടാതെ എല്ലാ ജില്ലകളിലും ലാബ് അനുവദിക്കേണ്ടതാണെന്നും 140 നിയോജകമണ്ഡലങ്ങളിലും ഓരോ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിക്കണമെന്നുമാണ് തീരുമാനിച്ചിരിക്കുന്നതെന്നും, ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുമ്പോൾ അതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും 33 ഓഫീസർമാരെ എൽ.എസ്.ജി.ഡി. (തദ്ദേശസ്വയംഭരണ വകുപ്പ്)-യിൽ നിന്നും വിട്ടുകിട്ടിയിട്ടുണ്ടെന്നും ഇതു നടപ്പാക്കുന്നതിനായി പ്ലാൻ ഫണ്ടിൽ അടുത്ത വർഷത്തേക്ക് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും തൃശ്ശൂരിൽ പുതിയ ലാബ് തുടങ്ങുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം രണ്ടു വർഷത്തിനകം ഊർജ്ജസ്വലമാകുമെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പുസെക്രട്ടറി സമിതിയെ അറിയിച്ചു.

ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും കാൻസറും മറ്റ് രോഗങ്ങളും വ്യാപകമാകുന്ന സാഹചര്യത്തിൽ അതിനെ തടയുന്നതിന് എന്ത് ചെയ്യാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. ലാബുകളിൽ വേണ്ടത്ര തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കണമെന്നും അതിനായി പ്ലാനിംഗ് ബോർഡിന്റേയും ധനകാര്യ വകുപ്പിന്റേയും അനുമതി ആവശ്യ മാണെന്നും അതിന് സമിതി ശുപാർശ ചെയ്യണമെന്നും കെട്ടിട നിർമ്മാണത്തിനുവേണ്ട ഫണ്ട് ഇപ്പോൾ ആവശ്യത്തിനുണ്ടെന്നും ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

ഭക്ഷ്യോത്പാദന വില്പന വിതരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിയമലംഘനം പിടിക്കപ്പെട്ടാൽ സ്വീകരിക്കുന്ന ശിക്ഷാനടപടികളെക്കുറിച്ച് സമിതി ആരായുകയും പാൻ പരാഗ് പോലെയുള്ള സാധനങ്ങൾ പിടിച്ചാൽ പെറ്റി ഒഫൻസിന്റെ നടപടി മാത്രമാണ് പലപ്പോഴും സ്വീകരിക്കുന്നതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആക്ട് അനുസരിച്ച് പെറ്റി ഒഫൻസിന് പിഴ അടക്കേണ്ടതുണ്ടെന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് വന്നതിനുശേഷം 13 കോടി രൂപയുടെ റവന്യൂ വരുമാനം പിഴ ഇനത്തിൽ ലഭിച്ചിട്ടുണ്ടെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി അറിയിച്ചു.

എൻഫോഴ്സ്മെന്റ് വിംഗ്, അനലിറ്റിക്കൽ വിംഗ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാ യിട്ടാണ് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നതെന്നും എൻഫോഴ്സ്മെന്റ് വിംഗിൽ മതിയായ ജീവനക്കാരില്ലെന്നും ആരോഗ്യവകുപ്പുമന്ത്രി മുൻകൈ എടുത്ത് എൽ.എസ്.ജി.ഡി.-യിൽ നിന്നും 33 ജീവനക്കാരേയും മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് 5 ജീവനക്കാരേയും ഡെപ്യൂട്ടേഷനിൽ ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിയമിച്ചിട്ടു ണ്ടെന്നും 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് ഫുഡ് സേഫ്റ്റി ഓഫീസുകൾ സ്ഥാപിക്കുകയും ഓരോ ഫുഡ് സേഫ്റ്റി ഓഫീസർമാരെ ലഭ്യമാക്കുകയും ചെയ്താൽ ഫലപ്രദമായ പരിശോധന നടത്താൻ സാധിക്കുമെന്നും ഒരു വർഷത്തിനുള്ളിൽ ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുകയാണെന്നും ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

മായം ചേർക്കൽ എങ്ങനെ തടയാൻ കഴിയും എന്ന ചെയർമാന്റെ ചോദ്യത്തിന് സ്റ്റാഫിനെ ലഭ്യമാക്കുകയാണെങ്കിൽ ഫീൽഡിൽ ഇൻസ്പെക്ഷൻ നടത്താൻ കഴിയുമെന്നും അങ്ങനെ ഇംപ്രൂവ്മെന്റ് ഉണ്ടാകുമെന്നും ഡിപ്പാർട്ട്മെന്റ് വന്നതിനു ശേഷം 600 കേസുകൾ രജിസ്റ്റർ ചെയ്തുവെങ്കിലും പ്രോസിക്യൂഷൻ ഓഫീസർ ഇല്ലാത്തതുകൊണ്ട് കേസുകളിൽ നടപടിയെടുക്കാൻ സാധിക്കുന്നില്ലെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളാണ് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലേക്ക് മാറ്റിയതെന്ന സമിതിയുടെ ചോദ്യത്തിന് ഫുഡ് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികയിലുള്ള 33 പേരെ മാറ്റിയിട്ടുള്ളതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട്, മായം ചേർക്കലിനെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 കഴിഞ്ഞ വർഷം മുതലാണ് നടപ്പിലാക്കിത്തുടങ്ങിയ തെന്നും ഇതിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം ശിക്ഷാനടപടികളെ ക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്ന ചെയർമാന്റെ ചോദ്യത്തിന് ആരോഗ്യത്തിന്

ഹാനികരമല്ലാത്ത മായം ചേർക്കലാണെങ്കിൽ അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് പിഴ ചുമത്തണമെന്നും ആരോഗ്യത്തിന് ഹാനികരമായ മായം ചേർക്കലാണെങ്കിൽ ക്രിമിനൽ പ്രോസിക്യൂഷനാണെന്നും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്, ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. മൂന്നു വർഷം വരെയുള്ള ശിക്ഷകൾ ചുമത്താവുന്ന കേസ്സുകൾ മജിസ്ട്രേറ്റ് കോടതിയിലും മൂന്ന് കൊല്ലത്തിന് മുകളിൽ വധശിക്ഷവരെ വരുന്ന കേസ്സുകൾ സ്പെഷ്യൽ കോടതികളിലുമാണ് നടത്തേണ്ടത്. ഇതിനകം 3900 കടകളും വ്യാപാര സ്ഥാപനങ്ങളും പരിശോധിച്ചിട്ടുണ്ടെന്നും 290 ഓളം സ്ഥാപനങ്ങൾ പൂട്ടേണ്ടി വന്നിട്ടുണ്ടെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു. വ്യാപാരികൾ ഈ നിയമത്തോട് വളരെയധികം സഹകരിക്കുന്നുണ്ടെന്നും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഈ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും പരിശോധനകൾക്ക് മാധ്യമങ്ങളും പൊതുജനങ്ങളും വേണ്ടത്ര പിന്തുണ നൽകുന്നുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

പുതിയ ആക്ട് വന്നതിനുശേഷം ചെയ്ത പ്രവർത്തനങ്ങൾ വിശദീകരിക്കാമോയെന്ന ചെയർമാന്റെ ചോദ്യത്തിന് പുതിയ ആക്ട് നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, ഡയറി ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് എന്നീ അഞ്ചു വകുപ്പുകളുടെ വിവിധ ജോലികൾകൂടി ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലേക്ക് മാറ്റിയിട്ടുണ്ടെന്നും 57 അധിക തസ്തികകൾ ക്യാബിനറ്റ് പാസ്സാക്കിയിട്ടുണ്ടെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു. ഈ നിയമം അനുസരിച്ച് ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത എം.എസ്.സി., കെമിസ്ട്രിയായി മാറ്റിയിട്ടുണ്ടെന്നും അതിനനുസരിച്ച് നിയമനരീതിയിൽ മാറ്റം വന്നിട്ടുണ്ടെന്നും ഇതിന് പി.എസ്.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും നഗരസഭകളിലുണ്ടായിരുന്ന ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ തസ്തിക ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിലേക്ക് മാറ്റിയിട്ടുണ്ടെന്നും എന്നാൽ അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും നൽകിയിട്ടില്ലെന്നും അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി.

140 നിയോജകമണ്ഡലങ്ങളിലും ഓരോ ഫുഡ് സേഫ്റ്റി ഓഫീസറുടെ ഓഫീസ് വേണമെന്നത് ശ്രീ.എം.ഉമ്മർ ചെയർമാനായിട്ടുള്ള സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി സഭയുടെ മേശപ്പുറത്ത് വച്ച റിപ്പോർട്ടിലെ ഒരു ശുപാർശയാണെന്നും പുതുതായി അനുവദിച്ച 57 അധിക തസ്തികകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാറ്റിയ 33 തസ്തികകളും ആരോഗ്യവകുപ്പിൽ നിലവിലുള്ള തസ്തികകളും കൂടി ആകെ 150 തസ്തികകളുണ്ടെങ്കിലും 82-ഓളം ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും ഓഫീസ് ഇല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലങ്ങളിൽ നിരവധി പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ കർശനമായ നിലപാടുകൾ എടുക്കുകയും ചെയ്തിട്ടുണ്ടെന്നും ഫുഡ് സേഫ്ററി ആക്ട് അസാധുവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൻകിട ഹോട്ടലുകൾ ഉൾപ്പെടെ 56 പേർ കേരള ഹൈക്കോടതിയെ സമീപിച്ചെങ്കിലും ബഹു. കോടതി അത് അംഗീകരിച്ചില്ലെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. പോലീസ്, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും

ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും സഹായത്തോടെ സംയുക്തമായി നിരവധി റെയ്ഡുകൾ നടത്തിക്കൊണ്ട് പരസ്യമായ പാൻമസാല കച്ചവടം നിയന്ത്രിച്ചിട്ടുണ്ടെന്നും പാൻമസാല നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളമെന്നും അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന മേഖലകളിൽ ഇപ്പോഴും പാൻമസാല രഹസ്യമായി വിൽക്കുന്നുണ്ടെന്നും പോലീസിന്റെ സഹായത്തോടുകൂടി അത് അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ഫുഡ് സേഫ്റ്റി ഓഫീസുകൾ ഓരോ നിയോജകമണ്ഡലത്തിലും എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന ചോദ്യത്തിന് ഓഫീസ് ആരംഭിക്കുന്നത് വാടകകെട്ടിടത്തിലായാലും മതിയെന്നും പഞ്ചായത്തിന്റേയോ ബ്ലോക്ക് പഞ്ചായത്തിന്റേയോ ഓഫീസുകളിലോ പ്രൈമറി ഹെൽത്ത് സെന്ററുകളിലോ ഓഫീസ് ആരംഭിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫുഡ് സേഫ്റ്റിയിലേക്ക് വന്ന ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ ജീവനക്കാരേയും ലഭ്യമാക്കണമെന്ന് ജോയിന്റ് കമ്മീഷണർ അഭ്യർത്ഥിച്ചു.

ഫുഡ് സേഫ്റ്റി ഓഫീസുകൾക്കുള്ള സ്ഥല-കെട്ടിട സൗകര്യങ്ങൾ അതാതു നിയോജകമണ്ഡലങ്ങളിലുള്ള താലൂക്ക് ഹെഡ് ക്വോർട്ടേഴ്സുകളിലോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലോ സൗകര്യപ്പെടുത്താൻ തീരുമാനിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. സ്ഥലം കണ്ടെത്തുന്നതിനുള്ള ചുമതല അതാതു നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ. മാരെ ഏല്പിക്കാമെന്ന സമിതി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 140 നിയോജകമണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസുകൾ ആരംഭിക്കുന്നതിനും 83 ഫുഡ് സേഫ്റ്റി ഓഫീസുകൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ജില്ലാ അടിസ്ഥാനത്തിൽ എത്ര ഓഫീസുകൾ ആവശ്യമുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിശോധിച്ചാൽ മാത്രമേ അത് അറിയാൻ കഴിയുകയുള്ളൂവെന്നും തിരുവനന്തപുരത്ത് ഒരു ജില്ലാ ഓഫീസും 14 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ഓഫീസും ആവശ്യമുള്ളതിൽ (ജില്ലാ ഓഫീസടക്കം) 8 ഓഫീസുകൾ നിലവിലുണ്ടെന്നും ഇനി 6 ഓഫീസുകളാണ് വേണ്ടതെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

മായം ചേർക്കൽ തടയുന്നതിന് ആവശ്യമായ നടപടികളാണ് ഇതിന്റെ ആദ്യഘട്ടമായി വേണ്ടതെന്നും ഈ ആക്ട് വന്നതിനുശേഷം ഈ രംഗത്തുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് 3000-ഓളം പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ചെയർമാൻ അറിയിച്ചു.

പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസിംഗിനും/രജിസ്ട്രേഷനും ഏർപ്പെടുത്തിയ സംവിധാനങ്ങളെക്കുറിച്ച് വിശദീകരിക്കാൻ ചെയർമാൻ ആവശ്യപ്പെട്ടതിന് പ്രതിവർഷം 12 ലക്ഷം രൂപവരെ വിറ്റുവരവുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ളവയ്ക്ക് ലൈസൻസുമാണ് വേണ്ടതെന്നും വ്യാപാരികളുടെ സൗകര്യം പരിഗണിച്ചും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരവും ഓൺലൈനായി രജിസ്ട്രേഷനും ലൈസൻസും എടുക്കുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യാപാരികൾക്ക് അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ നേരിട്ടോ ലൈസൻസും രജിസ്ട്രേഷനുമെടുക്കുന്നതിനും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പേയ്മെന്റ് ഗേറ്റ് വേ സിസ്റ്റം ഉപയോഗിച്ചുകൊണ്ട് ഫീസടയ്ക്കുന്നതിനുമുള്ള സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഫുഡ് സേഫ്റ്റി വകുപ്പ് ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഭക്ഷ്യ വ്യാപാരികൾക്കുള്ള ഒരു ഓൺ ലൈൻ ലൈസൻസിംഗ്/രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുള്ളതിനാൽ ഇത് അക്ഷയകേന്ദ്രങ്ങൾവഴി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പേയ്മെന്റ് ഗേറ്റ് വേ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തുടനീളം വ്യാപാരികൾക്കായി ഉപയോഗപ്രദമാക്കുന്നതിന് വിവിധ ഓഫീസുകളിലേക്ക് കംപ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങുന്നതിനായി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പഞ്ചായത്ത് ലൈസൻസ് ആവശ്യമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം ഒരു വ്യാപാര സ്ഥാപനം തുടങ്ങുന്നതിന് അതാത് പ്രദേശത്തെ ഹെൽത്ത് ഇൻസ്പെക്ടർമാർ നൽകുന്ന ഡി & ഒ ലൈസൻസ്, ഓണർഷിപ്പ് ഡീറ്റെയിൽസ്/വാടക കെട്ടിടമാണെങ്കിൽ അതു സംബന്ധിച്ചുള്ള വിവരങ്ങൾ, പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ആളുകൾക്ക് ആരോഗ്യമുണ്ടെന്ന് തെളിയിക്കുന്ന ഹെൽത്ത് കാർഡ്, ഐഡന്റിറ്റി തെളിയിക്കുന്ന രേഖ എന്നിവ ഹാജരാക്കുകയാണെങ്കിൽ ഉടനെ ലൈസൻസോ രജിസ്ട്രേഷനോ കൊടുക്കാറുണ്ടെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

തട്ടുകടക്കാർക്ക് രജിസ്ട്രേഷൻ നൽകുന്നുണ്ടോയെന്നും, രജിസ്ട്രേഷനും ലൈസൻസിനും ഈടാക്കുന്ന ഫീസ് എത്രയാണെന്നും സമിതി ആരാഞ്ഞതിന് തട്ടുകടക്കാർക്ക് രജിസ്ട്രേഷനും ഐഡന്റിറ്റി കാർഡും നൽകിയിട്ടുണ്ടെന്നും, രജിസ്ട്രേഷന് 100 രൂപയും, ലൈസൻസിന് കാറ്റഗറി അടിസ്ഥാനത്തിൽ 2000 മുതൽ 7000 രൂപവരെയുമാണ് ഈടാക്കുന്നതെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

തട്ടുകടക്കാർ രജിസ്റ്റർ ചെയ്യുന്നതിന് താത്പര്യപ്പെടുന്നുണ്ടോയെന്ന ചോദ്യത്തിന് രജിസ്ട്രേഷന് സ്വമേധയാ മുന്നോട്ടുവരുന്നവരിൽ അധികം പേരും തട്ടുകടക്കാരാണെന്നും ഈ രജിസ്ട്രേഷനും അതിന്റെ ഐഡന്റിറ്റി കാർഡുമുണ്ടെങ്കിൽ മറ്റു ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കൂടുതൽ വ്യാപാരം ചെയ്യുന്നതിനും അവർക്ക് സഹായമാകുന്നു. തട്ടുകടകൾ ഏതെങ്കിലും തരത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിൽ കട മാറ്റി സ്ഥാപിക്കണമെന്ന് അവരോടാവശ്യപ്പെടാൻ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന് കഴിയുമെന്നും തട്ടുകടക്കാർക്ക് രജിസ്ട്രേഷൻ നൽകുന്ന സമ്പ്രദായം ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ടെന്നും ഫുഡ് സേഫ്റ്റി ജോയിന്റ് കമ്മീഷണർ അറിയിച്ചു.

ഇതുവരെ എത്ര ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് ഇതുവരെ 1,47,295 പേർ രജിസ്ട്രേഷനും 26,850 പേർ ലൈസൻസുമെടുത്തിട്ടുണ്ടെന്നും മുൻപ് ലൈസൻസ് കൊടുത്തുകൊണ്ടിരുന്നത് അതാത് പഞ്ചായത്തുകളും നഗരസഭകളുമാണെന്നും അത് സംബന്ധിച്ച രേഖകൾ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൽ

ഇല്ലെന്നും പഞ്ചായത്തുകളും കോർപ്പറേഷനുകളും ലൈസൻസുകൾ നൽകിയതു സംബന്ധിച്ച ശരിയായ രേഖകൾ സൂക്ഷിച്ചിട്ടില്ലെന്നാണ് അന്വേഷിച്ചതിൽ നിന്നും ലഭിച്ച മറുപടികളെന്നും ഇപ്പോഴാണ് ശരിയായിട്ടുള്ള ഒരു ഡേറ്റാ ബേസ് വന്നതെന്നും കേരളത്തിൽ ഇപ്പോൾ മൂന്ന് ലക്ഷത്തോളം ആഹാരപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരും ഉത്പാദകരും ഉണ്ടെന്നാണ് അനൗദ്യോഗികകണക്കെന്നും ഇപ്പോൾ ഏതാണ്ട് ഒരു ലക്ഷത്തി എൺപതിനായിരത്തോളം ആളുകളുടെ വിവരങ്ങൾ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ കൈവശം ഉണ്ടെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

മായം ചേർക്കലിനെതിരെയുള്ള നടപടികൾ ഊർജ്ജിതമാക്കാൻ സാധിക്കില്ലേയെന്നുള്ള സമിതിയുടെ ചോദ്യത്തിന് മായം ചേർക്കുന്നതിനെതിരെയുള്ള പരിശോധനകൾക്കും കോടതികളിൽ കേസ് നടത്തുന്നതിനും പോകേണ്ടതും ലൈസൻസ് രജിസ്ട്രേഷൻ നടത്തേണ്ടതും ഫുഡ് സേഫ്റ്റി ഓഫീസർമാരാണ് എന്നും ഈ ഉദ്യോഗസ്ഥർക്ക് പ്യൂൺമാരുടെ സഹായമോ ഫീൽഡിൽ പോകാൻ വെഹിക്കിൾ സംവിധാനമോ ഇല്ലെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു. സാമ്പിൾ എടുത്തുകഴിഞ്ഞാൽ അനലിറ്റിക്കൽ ലാബിൽ എത്തിച്ച് അനലൈസ് ചെയ്ത് റിസൾട്ട് വാങ്ങേണ്ടതും ഫുഡ് സേഫ്റ്റി ഓഫീസറാണെന്നും കച്ചവടക്കാർ പ്രത്യേകിച്ച് ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കുന്നവർ ഉപയോഗിക്കുന്ന വെള്ളത്തിന് ഗുണനിലവാരമുണ്ടെന്നു കണ്ടാൽ മാത്രമേ ലൈസൻസ് കൊടുക്കാൻ പാടുള്ളൂവെന്നും വെള്ളം പരിശോധിക്കാനുള്ള ലാബ് മൂന്ന് സ്ഥലങ്ങളിൽ മാത്രമാണുള്ളതെന്നും 14 ജില്ലകളിലും കുടിവെള്ളം പരിശോധിക്കാനുള്ള ലാബുകൾ ആവശ്യമാണെന്നും എങ്കിൽ മാത്രമേ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് കാര്യക്ഷമമായി നടപ്പാക്കാൻ കഴിയൂ എന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

എല്ലാ ജില്ലകളിലും ആദ്യഘട്ടമായി വെള്ളം മാത്രം പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ട കെട്ടിടത്തിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പാൽ പരിശോധിക്കാൻ സംവിധാനമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഫുഡ് സേഫ്റ്റി വകുപ്പും ഡെയറി ഡിപ്പാർട്ട്മെന്റും പരിശോധിക്കുന്നുണ്ടെന്ന് ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. പുതിയ ആക്ട് വന്നതിനുശേഷം 140 നിയോജക മണ്ഡലങ്ങളിലും ഓഫീസ് തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അതിനായി 57 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം മറുപടി പറഞ്ഞു.

ഓരോ നിയോജകമണ്ഡലത്തിലും ഭക്ഷ്യസാധനങ്ങളിലെ മായം ചേർക്കലുമായി ബന്ധപ്പെട്ട് ബോധവത്ക്കരണം നടത്തുന്നതിന് എം.എൽ.എ. മാരുടെ നേതൃത്വത്തിൽ ക്ലാസ്സുകളോ ക്യാമ്പുകളോ സംഘടിപ്പിക്കുന്നതിന് എം.എൽ.എ. മാർക്ക് നിർദ്ദേശം നൽകുന്നതാണെന്നും ചെയർമാൻ അറിയിച്ചതിന് ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് കൂടി നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

കാൻസർ രോഗം ക്രമാതീതമായി വ്യാപകമാകുകയാണെന്നും തമിഴ്നാട്ടിൽ നിന്ന് വിഷംകലർന്ന ഭക്ഷ്യസാധനങ്ങളാണ് കേരളത്തിൽ കൊണ്ടു വരുന്നതെന്നും കേരളത്തിലേക്ക് കൊണ്ടുവരുന്നതിന് തമിഴ്നാട്ടിൽ ഭക്ഷ്യസാധനങ്ങൾ പ്രത്യേകമായി

കൃഷി ചെയ്യുന്നുണ്ടെന്നും ഈ വിഷയത്തിന്മേൽ എന്തു നടപടി സ്വീകരിക്കണമെന്ന് ആലോചിക്കേണ്ടതാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ പഞ്ചായത്ത് മെമ്പർമാരുടേയും ജനപ്രതിനിധികളുടേയും നേതൃത്വത്തിലും നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ. മാരുടെ നേതൃത്വത്തിലും ജനങ്ങൾക്ക് ബോധവത്ക്കരണം നടത്തണമെന്നും നിയോജകമണ്ഡലങ്ങളിൽ സന്നദ്ധസംഘടനകളെ വിളിച്ചുകൂട്ടി ഒരു ദിവസത്തെ സെമിനാർ നടത്തണമെന്നും സമിതി നിർദ്ദേശിച്ചു. വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, റെസ്റ്റോറന്റ് നടത്തുന്നവർ, കടകൾ നടത്തുന്നവർ, പഞ്ചായത്ത് മെമ്പർമാർ, പൊതുജനങ്ങൾ എന്നിവരെ വിളിച്ചുകൂട്ടി ഒരു ക്യാമ്പ് സംഘടിപ്പിച്ച് ബോധവത്ക്കരണം നടത്തണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

ധനകാര്യ വകുപ്പിലേക്ക് വരുമാനം ലഭിക്കുന്ന ഏജൻസിയായിട്ടാണ് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് പ്രവർത്തിക്കുന്നതെന്നും അതിന്റെ പ്രവർത്തനങ്ങൾക്കും ബോധവത്ക്കരണങ്ങൾക്കുമായി പണം ചെലവഴിക്കണമെന്നും സമിതി ചൂണ്ടിക്കാണിച്ചപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയായി ഈ വിഷയം ഉന്നയിക്കാമെന്നും സാങ്കേതികമായിട്ടുള്ള ക്യാമ്പ് എം.എൽ.എ. മാർക്ക് സംഘടിപ്പിക്കാൻ സാധിക്കുമെന്നും ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിക്കാൻ നോമിനലായിട്ടുള്ള സാമ്പത്തികസഹായം ചെയ്യുമെന്നും ചെയർമാൻ അറിയിച്ചു.

ഓഫീസർമാർക്കും ജീവനക്കാർക്കും പരിശീലനവും അതുപോലെ പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവത്ക്കരണവും നൽകുന്നതിലേക്കായി ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ശബരിമലയിൽ അപ്പം, അരവണ തുടങ്ങിയവ ടെസ്റ്റു ചെയ്യുന്നതിനെ കുറിച്ച് സമിതി ആരാഞ്ഞതിന് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെയും ശബരിമലയുടെ ചാർജ്ജുള്ള ജഡ്ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മൂന്നുമാസത്തിലൊരിക്കൽ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ ഉണ്ടാകാറുണ്ടെന്നും പമ്പയിലും സന്നിധാനത്തും ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ അവരുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് ലാബ് പ്രവർത്തിക്കുന്നുണ്ടെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

പമ്പയിൽ രണ്ടു ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അപ്പം, അരവണ തുടങ്ങിയവ തയ്യാറാക്കുന്നതിനുവേണ്ട മൊത്തം സാധനങ്ങളും പമ്പാ ലാബിൽ പരിശോധിച്ച സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ സന്നിധാനത്ത് കയറ്റി വിടുകയുള്ളുവെന്നും ഗുണനിലവാരം കുറഞ്ഞതോ മായം ചേർന്നതോ ആണെന്ന് കണ്ടെത്തിയാൽ അവ പിടിച്ചെടുത്ത് പിഴ ഈടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിന്റെ പ്രവർത്തനത്തെ കേരളഹൈക്കോടതി പ്രകീർത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

പത്തനംതിട്ടയിലെ ഫുഡ് ടെസ്റ്റിംഗ് ലാബ് പത്ത് വർഷമായി വാടകകെട്ടിടത്തിൽ പരിമിതമായ സ്ഥലസൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ലാബിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 3 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പത്തനംതിട്ട ജില്ലയിലെ ജനങ്ങളുടെ കുടിവെള്ളം, ഹോസ്പിറ്റലിൽ നിന്നും വരുന്ന സാമ്പിളുകൾ, മണ്ഡലമഹോത്സവകാലത്ത് ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഭക്ഷണപദാർത്ഥങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിന് ഈ ലാബിൽ ഒരു റിസർച്ച് ഓഫീസറും ഒരു ടെക്നിക്കൽ അസിസ്റ്റന്റും മാത്രമാണ് ഉള്ളത്. ഇവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പരിശോധനകൾ കുറ്റമറ്റതാക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതിനും ഒരു ഡെപ്യൂട്ടി ഗവ. അനലിസ്റ്റ്, മൂന്നു റിസർച്ച് ഓഫീസർ, നാലു ജൂനിയർ റിസർച്ച് ഓഫീസർ, 8 ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

2500 ഭക്ഷ്യോത്പാദന വിതരണ കേന്ദ്രങ്ങളിൽ പരിശോധന നടത്തിയപ്പോൾ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 696 കേന്ദ്രങ്ങൾ അടപ്പിക്കുകയും 18 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും ഇവ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഫുഡ്സേഫ്റ്റി കമ്മീഷണറേറ്റിന്റെ അനുവാദം ആവശ്യമില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് അതിനായി ജില്ലാ കളക്ടറുടെ പ്രതിനിധിയായി ഡെപ്യൂട്ടി കളക്ടർ/എ.ഡി.എം./ആർ.ഡി.ഒ., ഡി.എം.ഒ. യുടെ പ്രതിനിധി ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി തുടങ്ങിയവരുടെ കൂട്ടായ പരിശോധനയുടെ അടിസ്ഥാനത്തിലാണ് തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

തൃശ്ശൂരിൽ ലാബ് ഉണ്ടാക്കുന്നതിനു വേണ്ടി 21.4 കോടി രൂപയും എല്ലാ ജില്ലകളിലും ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് 15 കോടി രൂപയുമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും നിലവിലുള്ള ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം NABL (National Accreditation Board of Testing and Calibration Laboratories) നിലവാരത്തിലേക്ക് ഉയർത്താൻ 3 കോടി രൂപ ആവശ്യമാണെന്നും എല്ലാ ജില്ലകളിലും പ്രാഥമിക പരിശോധന നടത്തുന്നതിനുള്ള മൊബൈൽ ലബോറട്ടറിക്കു വേണ്ടി 12 കോടി രൂപ ആവശ്യമാണെന്നും അങ്ങനെ ആകെ 53 കോടി രൂപയാണ് അനുവദിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും അഡീഷണൽ ഡി.എച്ച്.എസ്. അറിയിച്ചു. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ റീജിയണൽ തലത്തിൽ നിലവിലുള്ള 3 ലബോറട്ടറികൾ NABL നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 3 കോടി രൂപ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി.

കേരളത്തിൽ ഉണ്ടാകുന്ന ഭക്ഷ്യവിഷബാധകളുടെ അടിസ്ഥാന കാരണത്തിന്റെ 90% ബാക്ടീരിയ, വൈറസ് തുടങ്ങിയ അണുജീവികളാണെന്നതിനാൽ ഇവ കണ്ടുപിടിക്കുന്നതിന് നിലവിൽ ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ മൂന്നു ലാബുകളിലായി മൂന്ന് മൈക്രോബയോളജിസ്റ്റ് തസ്തികകളാണ് ഉള്ളത്. ആയതിനാൽ കേരളത്തിൽ ഇവ കണ്ടുപിടിക്കുന്നതിന് സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ മൈക്രോബയോളജി ലാബുകൾ ആരംഭിക്കുന്നതിന് 9 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ സർക്കാർ അനലിറ്റിക്കൽ ലാബുകളിൽ രസതന്ത്രത്തിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ള അനലിസ്റ്റുകൾ മൈക്രോബയോളജി പരിശോധന നടത്തുന്നത് ഫുഡ് സേഫ്റ്റി ആക്ടിനെതിരായതിനാലും ഇത്തരം കേസുകൾ കോടതികളിൽ എത്തിയാൽ കോടതി യുടെ വിമർശനത്തിന് ഇടയാക്കുമെന്നതിനാലും മൈക്രോബയോളജി പരിശോധനയ്ക്ക് നേതൃത്വം കൊടുക്കുന്നതിനും വിദഗ്ധ ഉപദേശം നൽകുന്നതിനും മൂന്ന് ചീഫ് മൈക്രോബയോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിയ്ക്കണ മെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ പുതിയ മൈക്രോ ബയോളജി ലാബുകൾ തുടങ്ങുമ്പോൾ അവിടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ ആറു മൈക്രോബയോളജി തസ്തികകൾ സൃഷ്ടിക്കുന്നതിന് 30 ലക്ഷം രൂപ അനുവദി ക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

നിലവിൽ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് തികച്ചും അപര്യാപ്തമായ രണ്ടു മുറികൾ മാത്രമുള്ള പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും കമ്മീഷണറേറ്റിൽ പുതുതായി അനുവദിച്ച ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്ന തസ്തിക ഉൾപ്പെടെയുള്ള മറ്റു തസ്തികകളിൽ ജോലിയിൽ പ്രവേശിപ്പിക്കുന്ന ഉദ്യോഗസ്ഥർക്ക് ആഫീസ് അനുവദിക്കുന്നതിന് പഴയ കെട്ടിടത്തിൽ സ്ഥല മില്ലെന്നതിനാൽ സർക്കാർ കമ്മീഷണറേറ്റിനായി അനുവദിച്ച 70 സെന്റ് സ്ഥലത്തിൽ കെട്ടിടം പണിയുന്നതിന് 7 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഹെഡ് ക്വാർട്ടേഴ്സ്/ജില്ലാ താലൂക്ക് തലങ്ങളിൽ ആവശ്യത്തിന് കെട്ടിടങ്ങളുടെ വാടകയ്ക്കും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കും വേണ്ടി 5 കോടി രൂപ അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ആരോഗ്യവകുപ്പിൽ നിന്നും കൈമാറിയിട്ടുള്ള വളരെ പഴക്കം ചെന്ന ഏതാനും ചില വാഹനങ്ങൽ മാത്രമാണ് നിലവിൽ ജില്ലാതലത്തിൽ ഉള്ളതെന്നും പരിശോധനകൾ സ്ഥിരമായി നടത്തേണ്ടതായിട്ടുള്ളതിനാൽ പുതിയ വാഹനങ്ങൾ വളരെ അത്യാവശ്യമാ ണെന്നതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 60 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സർക്കാർ പുതിയതായി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ലാതലങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള 89 ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ആവശ്യമായ ഓഫീസും മറ്റ് സൗകര്യങ്ങളും നൽകുന്നതിന് 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

എല്ലാ ജില്ലകളിലും അഡ്ജുഡിക്കേറ്റിംഗ് ഓഫീസറെയും പ്രസന്റിംഗ് ഓഫീസറെയും അപ്പലേറ്റ് ട്രൈബ്യൂണൽമാരെയും നിയമിക്കുന്നതിനും അവർക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനും 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

തിരുവനന്തപുരം എറണാകുളം ജില്ലകളിൽ മൂന്ന് റീജിയണൽ ഡെപ്യൂട്ടി കമ്മീഷണർ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. നിലവിലുള്ള ചീഫ് ഫുഡ് സേഫ്റ്റി ആഫീസർമാരുടെ തസ്തികകൾ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയായി ഉയർത്തുന്നതിന് 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കമ്മീഷണറേറ്റിൽ റിസർച്ച് ഡെവലപ്മെന്റിന് ഒരു ജോയിന്റ് കമ്മീഷണർ തസ്തിക സൃഷ്ടിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കമ്മീഷണറേറ്റിൽ ഫുഡ് സേഫ്റ്റി കമ്മീഷണറെ അസിസ്റ്റ് ചെയ്യുന്നതിലേക്കായി രണ്ട് ഡെപ്യൂട്ടി കമ്മീഷണർ തസ്തിക അനുവദിക്കുന്നതിന് 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഹെഡ്ക്വാർട്ടേഴ്സിൽ കമ്മീഷണർക്കും മറ്റ് രണ്ട് ജോയിന്റ് കമ്മീഷണർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിന് 20 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഫുഡ് സേഫ്റ്റി ആഫീസർമാർക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിലായ 14620-25280 തികച്ചും അപര്യാപ്തമാണെന്നും പുതിയ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് വേണ്ടി ടി സ്കെയിൽ 18740-33680 ആയി ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ഇപ്പോൾ തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് മാത്രമാണുള്ളതെന്നും ഏകദേശം 4000 മരുന്നു സാമ്പിളുകൾ പ്രതിമാസം ഇവിടെ പരിശോധന നടത്തുന്നുണ്ടെന്നും ഇത് കേരളത്തിൽ വിൽക്കുന്ന മരുന്നു ബാച്ചുകളുടെ 1.6% മാത്രമാണെന്നും എറണാകുളത്ത് ഒരു റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നും ഇവിടെ 30 തസ്തികകൾ സൃഷ്ടിച്ചുണ്ടെന്നും ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ള 40 പോസ്റ്റുകളുംകൂടി അനുവദിച്ചാൽ ആകെ 70 തസ്തികകൾ ലഭിക്കുമെന്നും അങ്ങനെ വരുമ്പോൾ 4000 മരുന്നു സാമ്പിളുകൾ ഓരോ മാസത്തിലും പരിശോധിക്കാൻ സാധിക്കുമെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

മരുന്നുകൾ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ഒരു ലാബ് മാത്രമാണുള്ളതെന്ന കാരണത്താൽ മെഡിക്കൽ കോളേജുകളുടെ ഫാർമസി ഡിപ്പാർട്ടുമെന്റുമായി ചേർന്ന് നാലു മെഡിക്കൽ കോളേജുകളിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്നും തിരുവനന്തപുരത്തെ ലാബിന് നാഷണൽ അക്രെഡിറ്റേഷൻ ഉടൻതന്നെ ലഭിക്കുമെന്നും മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്ന ജനറിക് മെഡിസിൻ ഗുണനിലവാരം ഇല്ലാത്തവയാണെന്ന പരാതിയുണ്ടാകുന്നുണ്ടെന്നും ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളുടെ കുറവുമൂലം പലപ്പോഴും മരുന്നുകളുടെ പരിശോധന യഥാസമയം നടത്താൻ സാധിക്കുന്നില്ലെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ഡ്രഗ്സ് കൺട്രോളർ. ഡി.എം.ഇ., ഡി.എച്ച്.എസ്.-ന്റെ കീഴിലുള്ള പബ്ലിക് ഹെൽത്ത് ലബോറട്ടറി, കമ്മീഷണർ ഓഫ് ഫുഡ് ആന്റ് സേഫ്റ്റി എന്നിങ്ങനെ നാല് ഡിവിഷനുകളാണ് ലാബുകളുമായി ബന്ധപ്പെട്ട് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഉള്ളതെന്നും പുതുതായി ആറു ലാബുകൾ കൂടി  തുടങ്ങാനുദ്ദേശിക്കുന്നുണ്ടെന്നും ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എറണാകുളത്ത് ഒരു ലബോറട്ടറി ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുമെന്നും, തൃശ്ശൂർ, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളിൽകൂടി ലബോറട്ടറി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സെക്രട്ടറി പറഞ്ഞു.  ഡി.എച്ച്.എസ്. ന്റെ കീഴിൽ ആറ് പബ്ലിക് ഹെൽത്ത് ലബോറട്ടറികളും ഫുഡ് ആന്റ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ നാല് ഫുഡ് സേഫ്റ്റി അനലിറ്റിക്കൽ ലാബുകളുണ്ടെന്നും നിലവിലുള്ള പതിനൊന്നു ലാബുകളുൾപ്പെടെ അത് 28 എണ്ണമാക്കി ഉയർത്തണമെന്നാണ്  ആവശ്യപ്പെട്ടതെന്നും പുതിയതായി മൂന്ന് പബ്ലിക് ഹെൽത്ത് ലാബുകൾ, ആറ് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ, പത്ത് ഫുഡ് സേഫ്റ്റി ലാബുകൾ എന്നിവയാണ് ആവശ്യമുള്ളതെന്നും എല്ലാ ജില്ലകളിലും ഫുഡ് സേഫ്റ്റി ലാബുകൾ ഉണ്ടായിരിക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും എണ്ണം ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

കേരളത്തിലെ ജനങ്ങൾ ഒരു വർഷം കഴിക്കുന്ന മരുന്നിന്റെ 10% മരുന്ന് പരിശോധിക്കുവാൻ കഴിയുകയാണെങ്കിൽ കാര്യമായ മാറ്റം  ഈ മേഖലയിൽ ഉണ്ടാകുമെന്നും  ഇതിന് 7 വലിയ ലാബുകൾകൂടി ആവശ്യമാണെന്നും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി അറിയിച്ചു. കെമിക്കൽ  ലാബ് , മൈക്രോബയോളജി ലാബ് എന്നീ രണ്ടു  ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളാണുള്ളതെന്നും ഭക്ഷ്യവസ്തുക്കൾ മൈക്രോബയോളജി ലാബിലാണ്  പരിശോധന നടത്തുന്നതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

എല്ലാ മെഡിക്കൽ കോളേജുകളിലും  ഡ്രഗ് ടെസ്റ്റു ചെയ്യുന്നതടക്കമുള്ള വലിയ ലാബ് അനുവദിക്കണമെന്ന് ഡി.എം.ഇ. (ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ) ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതനുസരിച്ച് ഇത്തരത്തിലുള്ള ഒരു ലാബ് അനുവദിച്ചിട്ടു ണ്ടെന്നും അടുത്ത രണ്ട് മൂന്ന് വർഷങ്ങൾകൊണ്ട് എല്ലാ മെഡിക്കൽ കോളേജുകളിലും ഡ്രഗ്സ് ഉൾപ്പെടെയുള്ളവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുള്ള ലാബ് ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നും ആരോഗ്യകുടുംബക്ഷേമവകുപ്പ് സെക്രട്ടറി അറിയിച്ചു.

എൻ.എ.ബി.എൽ. ലാബ് എല്ലാ സൗകര്യങ്ങളുമുള്ള ലാബാണെന്നും കേരളത്തിൽ മൊത്തം  4 ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ്കൂടി തുടങ്ങാൻ ആലോചിക്കുന്നുണ്ടെന്നും തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട്  എന്നീ ജില്ലകളിൽ പുതിയ ലാബുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്നും 21.4 കോടി രൂപയാണ് ഒരു ലാബിന് ചെലവാകുന്നതെന്നും ഈ ലാബുകളിൽ എല്ലാ മരുന്നുകളും പരിശോധിക്കുന്നതിനുള്ള  സൗകര്യം ഉണ്ടായിരിക്കു മെന്നും കൂടുതൽ മരുന്നുകൾ പരിശോധിക്കുന്നതിനും പരിശോധനയ്ക്കായി കൂടുതൽ സമയം എടുക്കുന്നത് അവസാനിപ്പിക്കാനും സാധിക്കുമെന്നും ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു. ഇതിനായി 64.2 കോടി രൂപയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തെന്നും അദ്ദേഹം അറിയിച്ചു.

മരുന്നുകൾ കമ്പോളത്തിൽ വിറ്റഴിഞ്ഞു കഴിഞ്ഞാലും പരിശോധനാഫലം ശരിയായ സമയത്ത് ലഭിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. കേരളത്തിൽ 65000 മരുന്ന് സാമ്പിളുകൾ വരുന്നുണ്ടെന്നും ഓരോ മാസത്തിലും 4000 മരുന്ന് സാമ്പിളുകളാണ് പരിശോധിക്കാൻ കഴിയുന്നതെന്നും ഫിസിക്കൽ, കെമിക്കൽ, പൊട്ടൻസി എന്നിങ്ങനെ മൂന്നു തരം ടെസ്റ്റുകളുണ്ടെന്നും ഫിസിക്കൽ പ്രോപ്പർട്ടിയിൽ മരുന്നിന്റെ നിറവും കെമിക്കൽ പ്രോപ്പർട്ടിയിൽ മരുന്നിന്റെ അളവും പൊട്ടൻസി ടെസ്റ്റിൽ മരുന്നിന്റെ ഇഫക്ടും പരിശോധിക്കുന്നുവെന്നും ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് ജോയിന്റ് കമ്മീഷണർ വിശദീകരിച്ചു.

തൃശ്ശൂർ, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ പുതിയതായി മരുന്ന് പരിശോധനാ ലാബുകൾ തുടങ്ങുന്നതിനായി 21.40 കോടി രൂപവീതം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## പബ്ലിക് ഹെൽത്ത് ലബോറട്ടറി

തിരുവനന്തപുരത്ത് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും കോഴിക്കോട്, എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ ലാബുകളും കൊല്ലത്തും ആലപ്പുഴയിലും ജില്ലാ ലാബുകളുമാണുള്ളതെന്നും മൂന്ന് ജില്ലകളിൽകൂടി ക്ലിനിക്കൽ ലാബുകൾ തുറക്കാൻ ആലോചിക്കുന്നുണ്ടെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത് ലാബ് ശക്തിപ്പെടുത്തുന്നതിനുവേണ്ടി പി.സി.ആർ. (പോളിമറൈസ്ഡ് ചെയിൻ റിയാക്ഷൻ) ഡിവിഷൻ ഉടനെ ആരംഭിക്കുമെന്നും ഇപ്പോൾ എച്ച്1 എൻ1 പോലെയുള്ള കേസ്സുകൾക്ക് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയെയാണ് ആശ്രയിക്കുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

പബ്ലിക് ഹെൽത്ത് ലാബുകളുടെ വർദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്താൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ മതിയാവുകയില്ല. മാത്രമല്ല മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റിയിരിക്കുന്നതിനാൽ വിവിധ പരിശോധനകൾക്കായി രോഗികളെ പബ്ലിക് ഹെൽത്ത് ലാബുകളിലേക്ക് റഫർ ചെയ്യുന്നതിനാൽ നിലവിലുള്ള ജീവനക്കാർ മതിയാവുന്നതല്ല. ലാബുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി, ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നീ ലബോറട്ടറികളിൽ സീനിയർ കൺസൾട്ടന്റ് മുതൽ സെക്യൂരിറ്റി ഗാർഡുവരെയുള്ള 85 തസ്തികകളിൽ നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കോഴിക്കോട് ജില്ലയിലെ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി വളരെ ശോചനീയവും അപകടകരമായ അവസ്ഥയിലുമായതിനാൽ ലാബിന്റെ പ്രവർത്തനം ഗവൺമെന്റ് നിർദ്ദേശപ്രകാരം ബീച്ച് ഹോസ്പിറ്റലിലേക്ക് താത്ക്കാലികമായി മാറ്റിയിരിക്കുകയാണ്. ലാബിന്റെ പ്രവർത്തനങ്ങൾക്കായി പുതിയ കെട്ടിടം അത്യന്താപേക്ഷിത

മായതിനാൽ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള 1.2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

എറണാകുളത്തെ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബിൽ ഡിപ്ലോമ എം.എൽ.റ്റി. (മാസ്റ്റർ ഓഫ് ലബോറട്ടറി ടെക്നീഷ്യൻ) കോഴ്സുകൾ ആരംഭിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുക.

വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

ആറ് പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ test kits, reagents, consumable and miscellaneous items എന്നിവ വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 80 ലക്ഷം രൂപ അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുക.

രണ്ട് fully auto hematology analyser (3 part) വാങ്ങുന്നതിന് നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

കാക്കനാട് ലാബ് എന്ന് പ്രവർത്തനം ആരംഭിക്കും എന്ന സമിതിയുടെ ചോദ്യത്തിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഡിസംബറിൽ ഉദ്ഘാടനം ചെയ്യാമെന്നും ചെയർമാൻ അറിയിച്ചു. 79 പോസ്റ്റ് അനുവദിക്കുകയും ധനകാര്യവകുപ്പ് അംഗീകരിക്കുകയും ചെയ്തതിനുശേഷം തസ്തികകളുടെ എണ്ണം 30 ആയി വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് പോസ്റ്റ് വെട്ടിക്കുറച്ചിട്ടില്ലെന്നും 79 തസ്തികയും സൃഷ്ടിച്ചുണ്ടെന്നും ചെയർമാൻ അറിയിച്ചു.

വകുപ്പ് മേധാവി അവരുടെ നിക്ഷിപ്ത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് അനുവദിച്ച തസ്തികകൾ വേണ്ടെന്നുവച്ചതായി മനസ്സിലാക്കുന്നുവെന്ന് സമിതി അറിയിച്ചപ്പോൾ ഇത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ചെയർമാനും അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് വകുപ്പ് സെക്രട്ടറിയും അറിയിച്ചു.

ബന്ധപ്പെട്ട വകുപ്പുമേധാവി സ്വാധീനമുപയോഗിച്ച് ധനകാര്യ വകുപ്പ് അനുവദിച്ച തസ്തിക വെട്ടിക്കുറയ്ക്കാൻ ശ്രമിച്ചതിന്റെ ഫലമായി കാക്കനാട് ലബോറട്ടറിയിലേക്ക് അനുവദിച്ച സി.ജി.എ. തസ്തിക വേണ്ടെന്നുവച്ചതായി അറിയാൻ കഴിഞ്ഞുവെന്നും അത് ശരിയായ നടപടി അല്ലെന്നും സമിതി അഭിപ്രായപ്പെട്ടതിന് അത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമെന്നും ചെയർമാൻ അറിയിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.